# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ JAMAKKARAN

VOLUME - 5 Reg NO.TNBIL/2016/70171 ISSUE - 4

APRIL - 2021 TAMIL & MALAYALAM

ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

**(ജാമക്കാരനിൽ)** സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).

ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com

Mobile: No. **9894261333**



ജാമക്കാരൻ വായനക്കാർക്ക് ഏവർക്കും സമാധാനം ഉണ്ടാകുമാറാകട്ടെ,

2021 മാർച്ച് മാസ ജാമക്കാരൻ നിങ്ങൾക്കെല്ലാവർക്കും ലഭിച്ചിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പ്രാവശ്യം **ഏപ്രിൽ, മെയ്, ജൂൺ** മൂന്നുമാസ ജാമക്കാരനും ഒരു കവറിൽ ഇട്ട് അയക്കുകയാണ്.

ട്രൈബൽ മിഷൻ ജനറൽ സെക്രട്ടറിയും ആദിവാസി കുഞ്ഞുങ്ങൾക്കുവേണ്ടി ആരംഭിച്ച **ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ** സ്ഥാപകനും, ബഥനി മെഡിക്കൽ സെൻട്രൽ ആശുപത്രി (ട്രൈബൽ മിഷൻ), സൂപ്രണ്ടുമായി ചുമതല ഏറ്റെടുത്ത ഡോക്ടർ മുരളീധർ എം.ഡി. (ഹൃദ്രോഗവിദഗ്ദൻ) അവർകൾ 2021 മെയ് മാസം കൊറോണ രോഗം പിടിപെട്ട് മരണക്കിടക്കയിൽ ആയിരുന്നു. ഈ വിവരം വാട്സാപ്പ് വഴിയായി ലോകം മുഴുവനും അറിഞ്ഞു. ആയിരക്കണക്കിന് വിശ്വാസികൾ പ്രാർത്ഥനാഗ്രൂപ്പ് വഴിയായും വ്യക്തിപരമായും പ്രാർത്ഥിച്ചു. ഡോക്ടർ മുരളീധരൻ മരണക്കിടക്കയിൽ എന്ന വിവരം

## APRIL - 2021

അറിഞ്ഞപ്പോൾ ഞെട്ടിപ്പോയി. നമ്മുടെ ദൈവം എല്ലാവരുടേയും പ്രാർത്ഥന കേട്ട് മനസ്സലിഞ്ഞ് ആയുസ്സ് നീട്ടിക്കൊടുത്തു. ആനക്കട്ടിയിലുള്ള അദ്ദേഹത്തിന്റെ വീട്ടിലേയ്ക്ക് തിരിച്ചുകൊണ്ടു വന്നു എന്നുള്ള സന്തോഷവാർത്ത ഞാനും നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

സങ്കീർത്തനം 30:2 –ൽ **യഹോവേ ഞാൻ നിന്നോടു നിലവിളിച്ചു നീ എന്നെ സൗഖ്യമാക്കുകയും ചെയ്തു**, എന്ന് സങ്കീർത്തനക്കാരൻ തന്റെ അനുഭവത്തിൽ പാട്ടായി എഴുതിയതുപോലെ ഡോക്ടർ മുരളി അവർകളും ദൈവത്തോട് പ്രാർത്ഥിച്ചു. നമ്മുടെ എല്ലാവരുടേയും പ്രാർത്ഥന കേട്ട് ദൈവം അദ്ദേഹത്തെ സൗഖ്യമാക്കി. ദൈവം ഡോ. മുരളി അവർകൾക്ക് ദൈവത്തിന്റെ ദൗത്യം പൂർണ്ണമായി നിറവേറ്റുവാൻ ആയുസ്സിനെ ഭിക്ഷയായി നൽകി.

അദ്ദേഹത്തോടൊപ്പം തന്നെ ഭാര്യയായ ഡോ. ഏലിയാമ്മ അവർകൾക്കും രോഗം പകർന്നു, ഐ.സി.യു. വാർഡിൽ പ്രവേശിക്കപ്പെട്ടു. ഇപ്പോൾ സുഖമായി വീട്ടിൽ എത്തി.

- ☐ ഇതിലെ വലിയ പ്രശ്നം എന്തെന്നാൽ അദ്ദേഹത്തിന്റെ കൊറോണാ രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തി ശ്വാസം എടുക്കാൻ സാധിക്കാതെ ആനക്കട്ടി ആശുപത്രിയിലുള്ള ഓക്സിജൻ കൊടുത്തിട്ടും അദ്ദേഹത്തിന്റെ ഓക്സിജൻ ലെവൽ കൂടിയില്ല. കൂടുതൽ ഓക്സിജൻ ആവശ്യമായി വന്നു. വിവരം അറിഞ്ഞ് ഓട്ടഛത്രം മിഷൻ ആശുപത്രിയിൽ നിന്നും രണ്ട് ഡോക്ടർമാർ പ്രത്യേക ഓക്സിജൻ ഉപകരണങ്ങൾ എത്തിച്ചു കൊടുത്തു. ആ ഓക്സിജന്റെ പവറും മതിയായതായിരുന്നില്ല.

  അന്നു രാത്രി ഞങ്ങൾ ആരും ഉറങ്ങിയിട്ടില്ല. രാത്രി മുഴുവനും ഞങ്ങൾ പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ഞാൻ ആ സമയത്ത് വെല്ലൂർ സി.എം.സി. ആശുപത്രിയിലേയ്ക്ക് അദ്ദേഹത്തെ കൊണ്ടു പോകുവാൻ ഏർപ്പാടുകൾ ചെയ്തു. സി.എം.സി. ആശുപത്രിയിൽ എനിക്ക് നല്ല പരിചയമുള്ള PULMONARY ഡിപ്പാർട്ടുമെന്റ് HOD ആയി ഉയർന്ന പദവിയിലുള്ള **ഡോ. ബാല മുകേഷ്** എം.ഡി., ഡി.എം.; അവർകളോട്

ഫോണിൽ സംസാരിച്ചു. ഉടനെ അദ്ദേഹം തന്നെ ഒരു പ്രത്യേക മുറി ഏർപ്പാട് ചെയ്തു. പക്ഷെ അതേ ഡോക്ടർ എന്നെ വിളിച്ച് പറഞ്ഞത് അങ്കിൾ ഡോ. മുരളീധറുടെ ഓക്സിജൻ ലെവൽ 22 ന് താഴെ പോയതായി ഞാൻ അറിഞ്ഞതുകൊണ്ട് പ്രത്യേക ആലോചനയായി ഡോക്ടർ ഇത് മനസ്സിലാക്കണം. ഇത്ര താഴെ ഓക്സിജൻ ലെവൽ പോയതുകൊണ്ട് ആനക്കട്ടിയിൽ നിന്നും വെല്ലൂരിലേക്ക് കൊണ്ടു വരുവാൻ 6 മണിക്കൂർ യാത്ര ചെയ്യുന്നത് അദ്ദേഹത്തിന്റെ ജീവന് ആപത്താണ്. അദ്ദേഹത്തെ സി.എം.സി. യിൽ ചേർക്കാൻ എനിക്കോ ഇവിടെയുള്ള ഡീനിനോ ഒരു പ്രയാസവും ഇല്ല. ഇതിനെക്കാൾ ആനക്കട്ടിയുടെ തൊട്ടടുത്തുള്ള കോയമ്പത്തൂരിൽ അഡ്മിറ്റ് ചെയ്യുന്നതാണ് ബുദ്ധി. ഈ വിവരം ഞാൻ ആനക്കട്ടിയിലേക്ക് അറിയിച്ചു. ഒട്ടഛത്രത്തിലുള്ള ഡോക്ടർമാർ അത് തന്നെയാണ് നല്ലതെന്നു പറഞ്ഞു. ഉടനെ ആ ഡോക്ടർമാർ കോയമ്പത്തൂരിലുള്ള എല്ലാ വലിയ ഹോസ്പിറ്റലിലേയ്ക്കും ബന്ധപ്പെട്ടു. ഒരു ഹോസ്പിറ്റലിൽ കിടക്ക ഉണ്ട് വെന്റിലേറ്റർ ഇല്ല. മറ്റൊരു ആശുപത്രിയിൽ വെന്റിലേറ്റർ ഉണ്ട് ഐ.സി.യു. റൂമില്ല. ഈ മറുപടി ലഭിച്ചപ്പോൾ എല്ലാവരും അന്തംവിട്ടു പോയി. ഉടനെ ഡോക്ടർ **എന്തായാലും കോയമ്പത്തൂരിലേയ്ക്ക് നമുക്ക് നേരിട്ട് പോകാം** എന്നു പറഞ്ഞ് ഓക്സിജനോട് കൂടെ തന്നെ ഡോ. മുരളീധർ അവർകളെ ആമ്പുലൻസിൽ കയറ്റി. അദ്ദേഹത്തിന്റെ കൂടെ മകൾ രൂത്ത് അവർകളും, മകൻ ജോയൽ അവർകളും ഉണ്ടായിരുന്നു. അതിരാവിലെ കെ.എം.സി. യിൽ (കോയമ്പത്തൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ) അഡ്മിറ്റ് ചെയ്തു. ഏകദേശം 10 ദിവസത്തിനുള്ളിൽ ദൈവം അത്ഭുതം പ്രവർത്തിച്ചു. ഡിസ്ചാർജായി വീണ്ടും ആനക്കട്ടിയിലുള്ള അദ്ദേഹത്തിന്റെ വീട്ടിൽ എത്തിച്ചേർന്നു. പക്ഷെ ഓക്സിജൻ വച്ചുകൊണ്ട് ഏകദേശം ഒരു മാസം വിശ്രമിക്കണം എന്ന് ഡോക്ടർമാർ പറഞ്ഞ പ്രകാരം ഇപ്പോൾ വിശ്രമിച്ചുകൊണ്ടിരിക്കുന്നു.


## നന്ദി

- അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ച എല്ലാ വിശ്വാസികൾക്കും, പാസ്റ്റർമാർക്കും, ദൈവവേലക്കാർക്കും ട്രൈബൽ മിഷൻ സ്ഥാപകൻ എന്ന നിലയിൽ ഞാൻ നന്ദി രേഖപ്പെടുത്തുന്നു.
- ഡോ. **മുരളി അവർകൾ** ആശുപത്രിയിൽ ആപത്തായ നിലയിൽ കിടന്നപ്പോൾ ഡോക്ടറുടെ രണ്ടാമത്തെ മകൾ **ഡോ. റൂത്ത്** ഐ.സി.യു. വിന്റെ മുൻവശത്ത് വിസിറ്റേഴ്സ് ഇരിക്കുന്ന കസേരയിൽ ഒറ്റയ്ക്ക് രാത്രിയും, പകലും കഴിച്ചു കൂട്ടി. **ഓരോരോ നിമിഷവും ഡോക്ടർമാർ എന്താണ്** പറയാൻ പോകുന്നത് എന്ന് ആകാംഷയോടെ കാത്തിരുന്നു. സംസാരിക്കാൻ പോലും കൂടെ ആരും ഉണ്ടായിരുന്നില്ല. നാട്ടിൽ നിന്നും വിദേശത്ത് നിന്നും ഡോക്ടറുടെ സ്ഥിതി എന്താണെന്നറിയാൻ ഫോൺ വഴിയായി ധാരാളം പേർ ചോദിച്ചുകൊണ്ടേയിരുന്നു. ആ കസേരയിൽ അവർക്ക് ഉറങ്ങാൻ പോലും കഴിയാത്ത സ്ഥിതിയായിരുന്നു. സൗഖ്യമായി ആനക്കട്ടിയിലേയ്ക്ക് വന്നതിന് ശേഷമാണ് റൂത്തിന് വിശ്രമം ലഭിച്ചത്. അപ്പായോടുള്ള അവളുടെ സ്നേഹം അത്ര അധികമായിരുന്നു. അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. എനിക്ക് അവളോടുള്ള നന്ദിയെ ഞാൻ ഈ സമയം അറിയിക്കുന്നു. ഡോ. റൂത്തിനോടുകൂടെ എല്ലാ സഹായത്തിനും കൂടെ നിന്ന അവളുടെ സഹോദരൻ ജോയലിനും നന്ദി രേഖപ്പെടുത്തുന്നു.
- തക്കസമയത്ത് ഒട്ടൻചത്രം മിഷനാശുപത്രിയിൽ നിന്നും വന്ന് ഡോ. മുരളീധർ അവർകളെ കോയമ്പത്തൂരിൽ അഡ്മിറ്റ് ചെയ്യുന്നതുവരെ കൂടെ നിന്ന് സഹായിച്ച ഡോക്ടർമാർ രണ്ടുപേർക്കും, ഡോക്ടർമാരെ അയച്ചു തന്ന് സഹായിച്ച മിഷൻ ആശുപത്രിയുടെ മേലധികാരികൾക്കും ഈ സമയത്ത് നന്ദി രേഖപ്പെടുത്തുന്നു. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

അടുത്ത **ജാമക്കാരൻ** വഴി നിങ്ങളെ എല്ലാവരേയും സന്ദർശിക്കുന്നതുവരെ ദൈവകൃപ നാം എല്ലാവരോടും കൂടെ ഉണ്ടായിരിക്കുമാറാകട്ടെ.

ഡോ. **പുഷ്പരാജ്**

# ഡോ. മുരളി അവർകൾ ജീവിതത്തിൽ അഭിമുഖീകരിച്ച പരീക്ഷണങ്ങൾ



**ഡോ. മുരളീധർ** അവർകൾ പോണ്ടിച്ചേരി ജിപ്മർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പഠിക്കുമ്പോൾ ആണ് ഞാൻ ആദ്യമായി പരിചയപ്പെട്ടത്. ഒരു ഹൈന്ദവ കുടുംബത്തിൽ ജനിച്ച അദ്ദേഹത്തിന്റെ അമ്മയാണ് ആദ്യം യേശുക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചത്. 1965–ാം വർഷം **ജിപ്മർ മെഡിക്കൽ കോളേജിന്റെ** അടുത്ത് **ഗോരിമേട് മൈതാനത്തിൽ** വച്ച് എന്റെ യോഗം മൂന്നു ദിവസം നടന്നു. ഹോസ്പിറ്റലിലുള്ള ധാരാളം നേഴ്സുമാരും, ഡോക്ടർമാരും ആ യോഗത്തിൽ പങ്കെടുത്തു. നല്ല ദൈവദാസനും, പാസ്റ്ററുമായ സിൽവാനോസ് അവർകൾ എന്നോടു സംസാരിച്ചു. ഡോ. മുരളീധറിന്റെ അമ്മ താങ്കളെ അവരുടെ വീട്ടിലേയ്ക്ക് ക്ഷണിച്ചിരിക്കുന്നു. ഡോക്ടർ ആ വീട് സന്ദർശിക്കാൻ താല്പര്യപ്പെടുന്നുണ്ടോ എന്ന് ചോദിച്ചു. ഞാനും സമ്മതിച്ചു. അവരുടെ വീട്ടിലേയ്ക്ക് പോയി. ഡോ. മുരളിയുടെ അമ്മ നന്നായി പ്രാർത്ഥിക്കുന്ന ദൈവഭയമുള്ള സ്ത്രീയാണ്. അവരുടെ ഉള്ളത്തിലുള്ള ഭാരം എന്നോടു പങ്കുവച്ചു. അപ്പോൾ പോണ്ടിച്ചേരി ക്ലബിൽ മാനേജരായി ജോലി ചെയ്യുന്ന തന്റെ ഭർത്താവിനെക്കുറിച്ചും, എം.ബി.ബി.എസ്. പഠിച്ചുകൊണ്ടിരിക്കുന്ന തന്റെ മകൻ മുരളിധർ അവർകളെക്കുറിച്ചും എനിക്ക് വലിയ മനോഭാരമുണ്ട്. അവർ മാനസാന്തരപ്പെടാനായി വർഷങ്ങളായി ഞാൻ പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. എന്റെ മകൻ ഇപ്പോൾ വീട്ടിൽ ഉണ്ട്. അവൻ വീടിന്റെ മുകൾ

തട്ടിലുള്ള മുറിയിൽ പഠിച്ചുകൊണ്ടിരിക്കുന്നു. ഡോക്ടർ തന്നെ ഒന്നു മുകളിൽ പോയി മകനോടു സംസാരിക്കുമോ എന്നു ചോദിച്ചു. മുകളിലെ ഒരു കൊച്ചു മുറിയിൽ മുരളിധർ അവർകൾ പഠിച്ചുകൊണ്ടിരുന്നു. ഞാൻ അവിടെ പോയി എന്നെ പരിചയപ്പെടുത്തി. അദ്ദേഹത്തിന് എന്നെ അറിയില്ല. പക്ഷെ എന്നെക്കുറിച്ച് കേട്ടിട്ടുണ്ട്. കൂടുതൽ ഉപദേശങ്ങൾ ഒന്നും പറയാതെ എന്റെ മാനസാന്തരത്തെക്കുറിച്ചും യേശുവിനെക്കുറിച്ചും ഒരു പത്തു മിനിട്ട് ഞാൻ സംസാരിച്ചു. മുരളിധർ അവർകൾ നല്ലവണ്ണം ശ്രദ്ധിച്ചു കേട്ടു. പിന്നെ എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ തുടർന്ന് ബന്ധപ്പെടാവുന്നതാണ് എന്നു ഞാൻ പറഞ്ഞു. അദ്ദേഹം വളരെ ജാഗ്രതയായി എന്നോട് ഒരു ചോദ്യം പോലും ചോദിച്ചില്ല. പിന്നെ അദ്ദേഹത്തിന്റെ പഠനത്തിന് വേണ്ടി ഒരു പ്രാർത്ഥന നടത്തി ഞാൻ ഇറങ്ങി വന്നു. പിന്നീട് അദ്ദേഹത്തിന്റെ അമ്മക്ക് വേണ്ടിയും പ്രാർത്ഥിച്ചതിനുശേഷം എന്റെ താമസസ്ഥലത്തേക്ക് തിരിച്ചു പോന്നു. എന്നെ ആ യോഗത്തിന് ക്ഷണിച്ച അവിടുത്തെ സെന്റ്. ലൂക്ക് സി.എസ്.ഐ. പള്ളിയിലെ അച്ചനോട് ഡോക്ടർ മുരളീധർ അവർകളെ നിങ്ങൾ പോയി തുടർന്ന് സന്ദർശിക്കണം എന്ന് ഞാൻ അഭ്യർത്ഥിച്ചു. ആത്മഭാരം ഇല്ലാത്ത ഒരു അച്ചനായതുകൊണ്ട് ഒറ്റദിവസം പോലും അദ്ദേഹം ഡോ. മുരളീധർ അവർകളുടെ വീട് സന്ദർശിച്ചില്ല.

അതിനുശേഷം ചില വർഷങ്ങൾ കഴിഞ്ഞ് അവിടെ പോണ്ടിച്ചേരിയിൽ നടന്ന പെന്തക്കോസ്ത് കൺവൻഷനിൽ വച്ച് അദ്ദേഹം രക്ഷിക്കപ്പെട്ടു.

പോണ്ടിച്ചേരിയിലെ എം.ബി.ബി.എസ്. പഠനം കഴിഞ്ഞു, എം.ഡി. പഠനവും പൂർത്തിയാക്കി. ഹൃദയസംബന്ധമായ പ്രത്യേകപഠനവും കഴിഞ്ഞു. പിന്നീട് ആലപ്പുഴ ഹോസ്പിറ്റലിൽ കുറച്ചു കാലം കാർഡിയോളജി വിഭാഗത്തിൽ ജോലി ചെയ്തതിനുശേഷം കൊല്ലം ബെൻസിഗർ ഹോസ്പിറ്റലിൽ പല വർഷങ്ങൾ ജോലി ചെയ്തു. അവിടുത്തെ അസംബ്ലീസ് ഓഫ് ഗോഡ് പാസ്റ്ററുടെ ബൈബിൾ പഠനവും, പ്രസംഗവും ആത്മീയ ജീവിതത്തിലേക്ക് തന്നെ വഴി നടത്തി. അതിനുശേഷം കൊല്ലം സി.എസ്.ഐ. കൺവൻഷനിൽ ഞാൻ പ്രസംഗിച്ചപ്പോൾ പെന്തക്കൊസ്തു സഭക്കാരെല്ലാവരും ആ യോഗത്തിൽ സംബന്ധിച്ചു. ഡോ. മുരളിധർ തന്റെ

പാസ്റ്ററോട് എന്നെക്കുറിച്ചു പറഞ്ഞതുകൊണ്ട് രണ്ടു ദിവസം യോഗത്തിൽ പ്രസംഗിക്കാൻ പാസ്റ്റർ എന്നെ ക്ഷണിച്ചു. അങ്ങനെ ഞാനും ഡോ. മുരളിയും കൂടുതൽ അടുപ്പത്തിലായി. കൊല്ലത്തുള്ള അദ്ദേഹത്തിന്റെ വീട്ടിലേക്ക് എന്നെ ക്ഷണിക്കുകയുണ്ടായി. രണ്ടു കൊച്ചു മക്കൾ അവർക്കുണ്ടായിരുന്നു.

ആ സമയത്താണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ വലിയ പ്രശ്നങ്ങൾ നേരിടേണ്ടി വന്നത്. അദ്ദേഹത്തെ ആശ്വസിപ്പിക്കാനും, ബലപ്പെടുത്താനും കൂടെക്കൂടെ അദ്ദേഹത്തിന്റെ വീട്ടിൽ ഞാൻ ചെന്നു. അപ്പോഴാണ് ആനക്കട്ടി സ്ഥലം സാമൂഹ്യസേവനത്തിന് വേണ്ടി മാർത്തോമക്കാരനായ ഒരു സഹോദരൻ ഞങ്ങളുടെ കയ്യിൽ ഏല്പിച്ചത്. ആ സമയത്ത് ഞാൻ എന്റെ ഡോക്ടർ സേവനത്തോടൊപ്പം ആദിവാസികളുടെ ഇടയിൽ പ്രവർത്തിച്ചു വന്നു. ആലപ്പുഴയിൽ എന്റെ യോഗം നടക്കുമ്പോൾ ഡോ. മുരളിയും ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. അപ്പോഴേ ദൈവം ഡോ. മുരളിക്ക് പ്രസംഗിക്കുവാനുള്ള നല്ല താലന്ത് നല്കിയിരുന്നു.

ബൈബിൾ കോളേജിൽ പഠിക്കാത്ത അദ്ദേഹം ദൈവവചനത്തെ വ്യാഖ്യാനിക്കുന്നവിധം വളരെ വ്യത്യാസമായിരുന്നു. പരിശുദ്ധാത്മാവ് അദ്ദേഹത്തിന് വചനത്തിന്റെ ആഴത്തെ പഠിപ്പിച്ചു എന്ന് ഞാൻ മനസ്സിലാക്കി. വലിയ കൺവെൻഷൻ പ്രാസംഗികനായി അദ്ദേഹം മാറി. ആദിവാസികളുടെ ഇടയിലുള്ള വേലയെക്കുറിച്ച് അദ്ദേഹത്തിന് കൂടുതൽ താത്പര്യം ഉണ്ടായിരുന്നു. കൊല്ലം ഹോസ്പിറ്റലിലുള്ള തന്റെ ജോലിയെ രാജിവച്ച് പൂർണ്ണ സുവിശേഷവേലയ്ക്ക് ഇറങ്ങണം എന്ന് താല്പര്യപ്പെടുന്ന വിവരം എന്നോട് പങ്കുവച്ചു. അപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞു ദൈവം മറ്റു ഉദ്ദ്യേശമില്ലാതെ നമുക്ക് ഈ ഡോക്ടർ പഠിത്തം നല്കിയിട്ടില്ല. അതുകൊണ്ട് ഡോക്ടർ ജോലിയോടൊപ്പം ദൈവവേല ചെയ്യുന്നതാണ് ബുദ്ധി. അതിന് ഇപ്പോൾ നമുക്ക് നല്ല അവസരവും ലഭിച്ചിരിക്കുന്നു. താങ്കൾ എന്നോടു പറഞ്ഞ ആ ഒഴിഞ്ഞു കിടക്കുന്ന പ്രദേശത്ത് ഇരുമ്പു കമ്പിവേലി ഇടാൻ ഏർപ്പാട് ചെയ്തിരിക്കുന്നു. ഇനി നിങ്ങൾ ആ ചുമതല ഏറ്റെടുത്ത് ആ സ്ഥലത്ത് ഹോസ്പിറ്റൽ പണിത് അവിടുത്തെ ആദിവാസികൾക്ക് സുവിശേഷം അറിയിക്കാൻ തക്കവണ്ണം ഏർപ്പാടുകൾ ചെയ്യണം. അതിനും ചില

വർഷങ്ങൾക്കുമുമ്പ് ആനക്കട്ടി സ്ഥലത്തിന്റെ അടുത്തുള്ള അട്ടപ്പാടി വനത്തിന്റെ ഉള്ളിൽ അകഴി എന്ന ഒരു സ്ഥലമുണ്ട്. ആ സ്ഥലത്ത് ഒരു ക്ലിനിക്ക് തുടങ്ങി. പെരുമ്പാവൂർ പ്രയർ ഫെലോഷിപ്പിൽ നിന്നും രണ്ട് സഹോദരിമാർ ദൈവവേലക്ക് വേണ്ടി അവിടെ താമസിക്കാൻ ഏർപ്പാട് ചെയ്തു. ഞാനും ഡോ. മുരളിയും മേട്ടുപാളയത്തിൽ നിന്നും വന്ന ഒരു ഡോക്ടറും ചേർന്ന് ആഴ്ചയിൽ രണ്ടുദിവസം പകൽ സമയം ക്ലീനിക് നടത്തി വൈകുന്നേരം മടങ്ങി വരും. വനത്തിലുള്ള ആദിവാസികൾ വന്ന് രോഗത്തിനു വേണ്ടിയുള്ള മരുന്നുകൾ വാങ്ങിക്കൊണ്ടു പോകും. ഇതാണ് ട്രൈബൽ മിഷൻ ഹോസ്പിറ്റലിന്റെ ആരംഭ ചരിത്രം.

ഞാൻ കോട്ടയത്ത് ഒരു ദിവസത്തെ ഉപവാസയോഗം മാമൻ മാപ്പിള ഹാളിൽ വച്ച് നടത്തി. അതിൽ ട്രൈബൽ മിഷൻ നിലമ്പൂർ ആദിവാസികളെക്കുറിച്ചുള്ള പ്രവർത്തനങ്ങളെ ഞാൻ വിവരിച്ചു പറഞ്ഞു. വസ്ത്രമില്ലാത്ത ആദിവാസികളുടെ ഇടയിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് കേട്ട ഡോ. മുരളിധർ അവർകൾ അന്നു മുതൽ ട്രൈബൽ മിഷൻ പ്രവർത്തനത്തിന്റെ ഒരംഗമായി ചേർന്നു. അവിടെ വച്ചാണ് ട്രൈബൽ മിഷൻ കേരളത്തിലുള്ള എല്ലാവർക്കും പരസ്യമായത്. ആ യോഗവും, ഞാൻ മാസികയിലെഴുതിയ **'മനുഷ്യരെ കാണാത്ത മനുഷ്യർ'** എന്ന് തലക്കെട്ടിൽ എഴുതിയ ലേഖനവും വളരെ പ്രസിദ്ധമായി. ഇതുമൂലം ട്രൈബൽ മിഷൻ ആൽമരം പോലെ വളർന്ന് വലുതായി ഉടൻ തന്നെ അതിന് ഭാരവാഹികളെ തിരഞ്ഞെടുത്തു. ട്രസ്റ്റായി അതിനെ രൂപീകരിച്ചു. ഡോ. മുരളിധർ ട്രൈബൽ മിഷന്റെ ജനറൽ സെക്രട്ടറിയായി മാറിയതിനുശേഷം ചില വർഷങ്ങൾ കഴിഞ്ഞ് ഗവൺമെന്റ് നിയമപ്രകാരം അത് സൊസൈറ്റിയാക്കി മാറ്റി. അതിനിടയിൽ ആനക്കട്ടി ഹോസ്പിറ്റൽ വളർന്നു. ഡോ. മുരളിധർ തന്റെ കുഞ്ഞുങ്ങളെയും കൂട്ടിക്കൊണ്ട് ആനക്കട്ടിയിൽ സ്ഥിരതാമസമാക്കി.

ഇതിനിടയിൽ ഡോ. മുരളിധർ അവർകളുടെ ജീവിതത്തിൽ എത്രയോ പ്രശ്നങ്ങൾ പിശാച് വരുത്തി. അദ്ദേഹത്തിന്റെ വിശ്വാസജീവിതത്തെ തകർക്കാൻ ശ്രമിച്ചു. ആ വിവരങ്ങൾ ഒന്നും ഞാൻ എഴുതാൻ ആഗ്രഹിക്കുന്നില്ല.

## ഡോ. മുരളിധർ അവർകളുടെ മനസ്സിനെ വേദനിപ്പിച്ച ഈ അടുത്ത കാലത്ത് നടന്ന ഒരു സംഭവം

ട്രൈബൽ മിഷന്റെ ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ട ചിലരുടെ കയ്യിൽ ട്രൈബൽ മിഷൻ പ്രവർത്തനങ്ങളെ അദ്ദേഹം വിശ്വസിച്ച് ഏല്പിച്ചു. കൂടുതൽ സ്നേഹിക്കുകയും, വിശ്വസിക്കുകയും ചെയ്ത ആ വ്യക്തികളാണ് ട്രൈബൽ മിഷനിൽ പല പ്രശ്നങ്ങളും ഉണ്ടാക്കി ഡോ. മുരളിധർ അവർകളെ വിഷമിപ്പിച്ചത്. മിഷനറിമാർ അവരെക്കുറിച്ച് ഒത്തിരി പരാതികൾ പറഞ്ഞു. ജനറൽ സെക്രട്ടറിയായ ഡോ. മുരളിധർ അവർകളോടു ചോദിക്കാതെ പല ഏർപ്പാടുകളും ചെയ്തു. ഈ വിഷയങ്ങളെ ഡോ. മുരളിധർ ഫോണിലൂടെ എന്നെ അറിയിച്ചു. അങ്ങനെയായാൽ അവരുടെ ചുമതലയിൽ നിന്നും അവരെ



മാറ്റി വേറെ ഏർപ്പാടുകൾ ചെയ്യണം. ട്രൈബൽ മിഷന്റെ മറ്റംഗങ്ങളും ഇതേ ആലോചന തന്നെ പറഞ്ഞു. അതിന് ജനറൽബോഡി മീറ്റിംഗ് ഏർപ്പാടുകൾ ചെയ്യണം. നേരത്തെ കൂടേണ്ടിയിരുന്ന ജനറൽബോഡി യോഗം കൊറോണ കാരണം മാറ്റി വച്ചു. ജനറൽ ബോഡി യോഗം ചേർന്നാൽ മാത്രമേ ബഡ്ജറ്റ് സമർപ്പിക്കാൻ കഴിയൂ. ഇത് സൊസൈറ്റിയുടെ നിയമമാണ്. കൊറോണകാലം എപ്പോൾ തീരുമെന്ന് അറിയാത്തതുകൊണ്ട് തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. എന്നാലും പുതുവർഷം തുടങ്ങുന്നതിനുമുമ്പ് ബഡ്ജറ്റ് സമർപ്പിക്കണം. അതുകൊണ്ട് അത്യാവശ്യമായി കത്തുമൂലം എല്ലാവർക്കും തീയതി തീരുമാനിച്ച് അറിയിച്ചു. ജനറൽബോഡി മീറ്റിംഗിന് വരാൻ സാധിക്കാത്തവർക്ക്, ഒരു കത്തുവഴിയായി ജനറൽബോഡി മീറ്റിംഗിൽ ഏതു തീരുമാനം എടുത്താലും ഞാൻ അത് സമ്മതിക്കുന്നു എന്നെഴുതി ഒപ്പിട്ട് അയക്കണം എന്ന് അറിയിച്ചു. അതിൽ എടുക്കാൻ പോകുന്ന തീരുമാനങ്ങൾ

അവരെ നേരത്തെ തന്നെ അറിയിച്ചിരുന്നു.

1. ബഡ്ജറ്റ് സമർപ്പിക്കുന്നത്.
2. പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്.

ഇത് ഒരു പ്രത്യേക ഹാളിൽ പോലീസിന്റെ അനുമതിയോടെ ഏർപ്പാടു ചെയ്തിരുന്നു. ഇതറിഞ്ഞ് ഡോ. മുരളിധറിന് വിരോധമായി പ്രവർത്തിക്കുന്നവർ തങ്ങളെ ഒതുക്കാനാണ് ഈ ഏർപ്പാടുകൾ എന്നു മനസ്സിലാക്കി. അതിനെ തടയാൻ പല വിധത്തിൽ അവർ ശ്രമിച്ചു. 70–വയസ്സായ ഡോ. മുരളിധർ അവർകൾ സ്പെഷ്യൽ പെർമിഷനോടെ ആനക്കട്ടിയിൽ നിന്നും തന്റെ കാറിൽ തന്നെ പെരുമ്പാവൂരിൽ വന്നെത്തി. യാത്രാ സൗകര്യമില്ലാത്ത ലോക്ഡൗൺ സമയത്ത് ഭൂരിഭാഗം ബോഡ് മെമ്പർമാരും വന്നു ചേർന്നു. ഡോ. മുരളിധർന് വിരോധമായി പ്രവർത്തിച്ചവർ പോലീസിനെ സ്വാധീനിച്ച് അവിടെ ആ ഹാളിൽ ബോഡ് മീറ്റിംഗുകൾ നടക്കാത്ത രീതിയിൽ തടയാൻ ശ്രമിച്ചു. ബോഡ് മീറ്റിംഗുകൾ നടത്താനായി നേരത്തെ നിയമപ്രകാരം കലക്ടറുടെ അടുക്കൽ നിന്നും വാങ്ങിയ പെർമിഷൻ രേഖാമൂലം പോലീസിനെ കാണിച്ചു. പക്ഷെ അവർ എറണാകുളത്തു നിന്നും പെർമിഷൻ ലെറ്റർ വാങ്ങി വരണമെന്ന് പറഞ്ഞു. അപ്പോൾ ഞങ്ങൾ ഞങ്ങളെ തടയാനുള്ള ഓഡർ നിങ്ങളുടെ കയ്യിലുണ്ടോ എന്നു ചോദിച്ചു. അതിന്റെ ആവശ്യമില്ല, നിങ്ങൾ ഇവിടെ യോഗം കൂടാൻ പാടില്ല; നിങ്ങളെ തടയാനാണ് ഞങ്ങളെ അയച്ചിരിക്കുന്നത് എന്നു പറഞ്ഞു. അവരോട് വാഗ്വാദം ചെയ്യാൻ ഡോ. മുരളിക്ക് ഇഷ്ടമില്ലായിരുന്നു. അതുകൊണ്ട് പെരുമ്പാവൂർ ഓഫീസിലേക്ക് പോകാം എന്ന് പറഞ്ഞ് കൂട്ടിക്കൊണ്ട് വന്നു. പക്ഷെ ഓഫീസിന്റെ ചെറിയ ഹാളിൽ കൂടുതൽ ആളുകൾ കൂടാൻ പാടില്ല. അതുകൊണ്ട് ചിലർ ഉള്ളിലും, ചിലർ വെളിയിലും സാമൂഹിക അകലം പാലിച്ച് അവിടവിടെ കസേര ഇട്ട് ഇരുന്നു. പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു. സ്തോത്ര പാട്ടുപാടി പ്രാർത്ഥിച്ചശേഷം ആദ്യം പഴയ ബഡ്ജറ്റ് വായിച്ചു. പുതിയ ബഡ്ജറ്റിന്റെ വിവരം വായിച്ചു. സമ്മതിക്കുന്നവർ കൈയ്യുയർത്തി കാണിച്ചു. അതിനുശേഷം പഴയ ഭാരവാഹികളായ പ്രസിഡന്റിനേയും അഡ്മിനിസ്ട്രേഷൻ സെക്രട്ടറിയെയും പദവിയിൽ നിന്നും നീക്കി പുതിയ പ്രസിഡന്റ്, പുതിയ അഡ്മിനിസ്ട്രേഷൻ സെക്രട്ടറി, ട്രഷറർ, മറ്റു ഭാരവാഹികളുടെ പേരുകൾ എല്ലാം എഴുതി അടയാളമായി ഓരോരുത്തരുടെ

കയ്യിൽ നിന്നും ഒപ്പ് വാങ്ങി എല്ലാ തീരുമാനവും നിറവേറി എന്ന് ജനറൽ സെക്രട്ടറി ഡോ. മുരളിധർ അറിയിച്ചു. പ്രാർത്ഥിച്ചശേഷം ആശീർവാദം പറഞ്ഞ് ജനറൽബോഡി യോഗം അവസാനിപ്പിച്ചു. ഉടൻ തന്നെ ആ വിവരങ്ങളെ സൊസൈറ്റി ഓഫീസിലേക്ക് ഫാക്സ് വഴിയായും കമ്പ്യൂട്ടർ വഴിയായും അറിയിച്ച് ഉച്ചഭക്ഷണം കഴിച്ചശേഷം എല്ലാവരും സ്ഥലം വിട്ടു. തടയാൻ ശ്രമിച്ച പിശാച് പരാജയപ്പെട്ടു. ദൈവം ജയമെടുത്തു 5 മണിക്കു മുമ്പ് അവരുടെ സ്ഥലത്തേക്ക് എത്തിച്ചേരാൻ പുറപ്പെട്ടു. ഈ വിവരങ്ങളെ ഫോട്ടോ സഹിതം ജാമക്കാരനിൽ ഞാൻ പരസ്യപ്പെടുത്തി. അതുകൊണ്ട് ദേഷ്യപ്പെട്ടു പഴയ ഭാരവാഹികളിൽ ഒരാൾ ഡോ. പുഷ്പരാജായ എനിക്ക് **വക്കീൽ നോട്ടീസ്** അയച്ചു. വക്കീൽ നോട്ടീസ് എനിക്ക് ലഭിച്ച ആ സമയം ഞാൻ കൊറോണ മൂലം ഹോസ്പിറ്റലിൽ ആയിരുന്നു. അതുകൊണ്ട് എന്റെ ഭാര്യ വക്കീലിനെ വിവരം അറിയിച്ചു. സൗഖ്യമായി വന്നശേഷം നിങ്ങളുടെ നോട്ടീസിന് മറുപടി എഴുതും എന്ന് ഞാൻ വിശ്വസിക്കുന്നു എന്ന് രജിസ്ട്രേഡ് പോസ്റ്റ് വഴിയായി എന്റെ ഭാര്യ മറുപടി അയച്ചു.

എന്തെല്ലാം ശ്രമിച്ചിട്ടും തങ്ങൾക്കുണ്ടായ പരാജയത്തിന്റെ പകയും, വിദ്വേഷവും മാറാത്തതുകൊണ്ട് ട്രൈബൽ മിഷന് വിരോധമായി വേറെ തന്ത്രങ്ങൾ അവർ ഉപയോഗിക്കാൻ തുടങ്ങി. അവരിൽ ഒരാൾ ഇങ്ങനെ പറഞ്ഞതായി ഞാൻ അറിഞ്ഞു. ഞാൻ ഒരു മൂർഖനാണ്. ഇനിയാണ് ട്രൈബൽ മിഷനെ നശിപ്പിക്കാൻ എന്റെ കളി തുടങ്ങാൻ പോകുന്നത്. ട്രൈബൽ മിഷനെ ഞാൻ ഒന്നുമില്ലാതാക്കും പക്ഷെ ട്രൈബൽ മിഷൻ തുടങ്ങിയതിന്റെ ചരിത്രം അവർക്ക് അറിയില്ല. ഇത് ദൈവം നേരത്തെ ഏർപ്പാടു ചെയ്ത മിഷനറി പദ്ധതിയാണ്. ഇതുനുവേണ്ടിയാണ് ഡോ. മുരളിധർ മാസത്തിൽ ഒരു ലക്ഷം രൂപ വാങ്ങിക്കൊണ്ടിരുന്ന ജോലി രാജി വച്ച് വെറും കൈ ആയി തന്റെ രണ്ടു കുഞ്ഞുങ്ങളേയും കൂട്ടിക്കൊണ്ട് ആനക്കട്ടിയിൽ വന്നിറങ്ങിയത്. അതുമാത്രമല്ല പാമ്പിന്റെ തലയെ തകർക്കുന്ന ദൈവമാണ് ട്രൈബൽ മിഷനെ നടത്തുന്നത്. മൂർഖന്റെ തലയെ തകർക്കുന്നവൻ ഞങ്ങളോടൊപ്പം ഉള്ളതുകൊണ്ട് തുടർന്ന് ഈ മിഷനറി പ്രവർത്തനങ്ങളും ആദിവാസി കുഞ്ഞുങ്ങൾക്കുള്ള ഹോസ്പിറ്റലിനെയും ദൈവം അത്ഭുതകരമായി നടത്തി കൊണ്ടിരിക്കുന്നു. ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്ന ആദിവാസി കുട്ടികൾ 10–ാം ക്ലാസ്സിൽ 100% വിജയം കൈവരിക്കുന്നു. അതിനാൽ ഗവൺമെന്റിന്റെ റിവാർഡ് ആ

സ്കൂളിന് ലഭിച്ചു. ഇങ്ങനെ പല വിധത്തിൽ ഡോ. മുരളി വഴിയായി ദൈവം ചെയ്യുന്ന ഏർപ്പാടുകളും ജയവും കണ്ട് ആ എതിരാളികളുടെ (പദവി നീക്കം ചെയ്യപ്പെട്ട വ്യക്തികളുടെ) കോപം വർദ്ധിച്ചു.

ചില മാസങ്ങൾക്കുമുമ്പ് എനിക്കും ഡോ. മുരളിക്കും ട്രൈബൽ മിഷൻ ഓഫീസിലേക്ക് പല കത്തുകളും വന്നു. അതിൽ ട്രൈബൽ മിഷൻ പുതുതായി മാസിക ഇറക്കുന്നുണ്ടോ; ഞങ്ങളുടെ കൈയ്യിൽ പുതിയ മിഷനറിവേലയെക്കുറിച്ചുള്ള മാസിക കിട്ടി. ആ മാസിക ഞങ്ങൾ ആരും ചോദിച്ചിട്ടില്ല. പിന്നെ എങ്ങനെയാണ് ഞങ്ങളുടെ കയ്യിൽ ആ മാസിക എത്തിയത്. ഞങ്ങളുടെ അഡ്രസ്സ് നിങ്ങൾക്കല്ലാതെ വേറെ ആർക്കും ഞങ്ങൾ കൊടുത്തിട്ടില്ല. ആ മാസികയുടെ പേർ Voice of the North. അതിന്റെ കോപ്പി നിങ്ങൾക്ക് അയച്ചു തരുന്നു. ഇപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത് ട്രൈബൽ മിഷനെ സഹായിക്കുന്നവരുടെ മെയിലിംഗ് ലിസ്റ്റും, മാസികയുടെ മെയിലിംഗ് ലിസ്റ്റും ട്രൈബൽ മിഷൻ ഓഫീസിൽ നിന്നും പഴയ ഭാരവാഹികൾ എടുത്തുകൊണ്ടു പോയി. പദവി പോയതിനുശേഷമാണ് അവർ ആ അഡ്രസ്സിന്റെയും മെയിലിംഗ് ലിസ്റ്റിന്റെയും കോപ്പി എടുത്തിട്ട് ഒറിജിനൽ ഓഫീസിൽ ഏല്പിച്ചത് എന്ന് അറിയാൻ കഴിഞ്ഞു. ആ പകർപ്പ് മോഷ്ടിച്ചവരാണ് ഈ പുതിയ മിഷനറി മാസിക ഇറക്കിയതെന്ന് ഞങ്ങൾ ഊഹിച്ചു. ഉടൻ തന്നെ ഡോ. മുരളിധർ ധൈര്യത്തോടെ വായനക്കാർക്കെല്ലാവർക്കും പ്രത്യേക കത്തെഴുതി ആ പുതിയ മാസികയ്ക്കും ട്രൈബൽ മിഷനും യാതൊരു ബന്ധവുമില്ല, ഇങ്ങനെ ട്രൈബൽ മിഷൻ ഓഫീസിൽ നിന്നും ആ അഡ്രസ്സുകളെല്ലാം എടുത്ത് ഉപയോഗിച്ചിരിക്കുന്നു അവർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം എന്നും ഡോ. മുരളി ഒരു വാക്ക് ചേർത്തെഴുതി. ശത്രു ലജ്ജിച്ചുപോയി. ആ മാസിക വാങ്ങിയ ഭൂരിപക്ഷം പേരും അവർക്ക് തന്നെ മാസിക തിരിച്ചയച്ചതായി അറിയാൻ കഴിഞ്ഞു. ഇത് വായിക്കുന്ന വായനക്കാർ യഥാർത്ഥ ദൈവവേലയും, ദൈവ വേലക്കാരനെയും പിശാച് എത്രമാത്രം തടയാൻ ശ്രമിക്കുന്നു എന്ന് അറിഞ്ഞ് ദൈവവേലക്കുവേണ്ടിയും ദൈവവേലക്കാരനുവേണ്ടിയും ആളാം പ്രതി പ്രാർത്ഥിക്കണം എന്ന് അപേക്ഷിക്കുന്നു.

## ഗവൺമെന്റ് വഴിയായി തടസ്സം ഉണ്ടാക്കാൻ ശ്രമിച്ച പിശാച്

ചില വർഷങ്ങൾക്കുമുമ്പ് ആനക്കട്ടി ഹോസ്പിറ്റലിനെക്കുറിച്ച് മോശമായ വിധത്തിൽ എഴുതി ആർ.എസ്.എസ്. പ്രവർത്തകർ കോയമ്പത്തൂരിലും, ആനക്കട്ടിയിലും, അട്ടപ്പാടിയിലും വാൾപോസ്റ്റർ ഒട്ടിച്ചു. ട്രൈബൽ മിഷൻ ഹോസ്പിറ്റലിൽ ഡോ. മുരളിയും മറ്റു ഡോക്ടർമാരും ആദിവാസി പിള്ളാരുടെ കിഡ്നി എടുത്ത് അമേരിക്കയ്ക്ക് വില്ക്കുന്നു. ഈ വിവരം ഇന്ത്യൻ എക്സ്പ്രസ്സിലും, മറ്റു പത്രങ്ങളിലും പരസ്യപ്പെടുത്തിയിരുന്നു. ഉടൻ തന്നെ കേന്ദ്ര ഗവൺമെന്റിൽ നിന്നും, സ്റ്റേറ്റ് ഗവൺമെന്റിൽ നിന്ന് മന്ത്രിമാരും അധികാരികളും, എം.പി. മാരും കൂട്ടമായി ആനക്കട്ടി ഹോസ്പിറ്റലിൽ പ്രവേശിച്ചു. കളക്ടർ പറഞ്ഞു ഈ ഹോസ്പിറ്റലിനെക്കുറിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. അതെന്താണെന്ന് പരിശോധിക്കാനാണ് ഞങ്ങൾ വന്നത്. ഹോസ്പിറ്റലിൽ വരുന്ന രോഗികളുടെയും, ആദിവാസി കുട്ടികളുടെയും കിഡ്നി എടുത്തു വില്ക്കുന്നതായി ഞങ്ങൾക്ക് പരാതി ലഭിച്ചിരിക്കുന്നു. എല്ലാ രോഗികളേയും, കുട്ടികളേയും ഞങ്ങൾക്ക് പരിശോധിക്കണം. ഡോ. മുരളി പറഞ്ഞു നിങ്ങൾക്ക് പരിശോധിക്കാം. എന്നാൽ ഒരു ഗവൺമെന്റ് ഡോക്ടറെ കൂട്ടിക്കൊണ്ടു വന്നു പരിശോധിക്കണം. അവർക്കെ അതിനെപ്പറ്റി അറിയാൻ കഴിയൂ. അതുപോലെ തന്നെ ഡോക്ടർ വന്ന് ബഡിൽ കിടക്കുന്ന എല്ലാ രോഗികളേയും കുട്ടികളെയും വരിവരിയായി നിർത്തി അവരുടെ ഉടുപ്പൂരി കിഡ്നി എടുത്തതായ പാടുകൾ ശരീരത്തിൽ ഉണ്ടോ എന്ന് പരിശോധിച്ചു. പിന്നെ കളക്ടറും, മന്ത്രിമാരും, എം.പി. മാരും, പോലീസ് അധികാരികളും ഡോക്ടറോട് ക്ഷമ ചോദിച്ചു. റോങ്ങ് ഇൻഫർമേഷൻ ഞങ്ങൾക്ക് കിട്ടി. അതുകൊണ്ടാണ് ഞങ്ങൾ വന്നത് എന്നു പറഞ്ഞ് ക്ഷമ ചോദിച്ച് പുറപ്പെടാൻ ശ്രമിച്ചു. അപ്പോൾ കുട്ടികൾ എല്ലാവരും ഗേറ്റ് ബലമായി അടച്ചു. ഡോ. മുരളിധർ പറഞ്ഞു; ഞങ്ങൾ പരിശോധിച്ചതിൽ പരാതി വ്യാജം എന്ന് ലെറ്റർ പാഡിൽ എഴുതി ഒപ്പിട്ട് തരണം. അതാണ് ന്യായം എല്ലാ പത്രത്തിലും ഈ വിഷയം വന്നതിനുശേഷം ജനങ്ങൾ ഞങ്ങളെ തെറ്റിദ്ധരിക്കുമല്ലോ അതുകൊണ്ട് നിങ്ങളുടെ ലെറ്റർ പാഡിൽ തന്നെ എഴുതി ഒപ്പിട്ടശേഷം മാത്രമേ ഇവിടെ നിന്നും പോകാൻ പാടുള്ളൂ. വെറുതെ വായ് കൊണ്ട് പറഞ്ഞാൽ പോരാ എന്നു പറഞ്ഞതുകൊണ്ട് കലക്ടർ തന്നെ എഴുതി ഒപ്പിട്ട്

കൊടുത്തതിന് ശേഷം ആദിവാസി കുട്ടികൾ ഗേറ്റ് തുറന്നു അവരെ പുറത്തു പോകുവാൻ അനുവദിച്ചു. ഇങ്ങനെ പല പ്രശ്നങ്ങളെയും, അപമാനങ്ങളെയും ഡോ. മുരളി അവർകൾ ക്ഷമിച്ചും, സഹിച്ചും ഈ ദൈവവേലയെ തുടർന്നു ചെയ്തു വരുന്നു.

പിശാചിന്റെ ഈ പ്രവർത്തനങ്ങളെയെല്ലാം താങ്ങാനും, സഹിക്കാനും സാധിക്കും. പക്ഷെ ട്രൈബൽ മിഷനെ പൂർണ്ണമായി സ്നേഹിച്ച വ്യക്തികൾ ട്രൈബൽ മിഷന്റെ എല്ലാ ചുമതലകളേയും ഏല്പിച്ച ആത്മീയ സഹോദരൻമാർ ചെയ്ത ദ്രോഹം, വഞ്ചന ഇത് അദ്ദേഹത്തെയും, എന്നെയും കൂടുതലായി വിഷമിപ്പിച്ചു. ആ സമയത്ത് ക്രിസ്തുവിനോടുകൂടെ തിരുവത്താഴം കഴിച്ച ഇസ്കറിയോത്ത യൂദയെ ഞങ്ങൾ ഓർത്തു. അവൻ മുഖാന്തരം ക്രിസ്തുവിനുണ്ടായ എല്ലാ കഷ്ടങ്ങളും അപമാനങ്ങളും ക്രൂശിലെ മരണവും ഓർക്കുമ്പോൾ ഈ പ്രശ്നങ്ങൾ ഒന്നുമില്ല എന്നു തോന്നുന്നു. അങ്ങനെ ഓർത്ത് ഞങ്ങൾ ഞങ്ങളെ തന്നെ ആശ്വസിപ്പിച്ചു. അതുപോലെ തന്നെ ഈ രോഗക്കിടക്കയെ ഡോ. മുരളിധർ അനുഭവിച്ചു. ഒരു പ്രാവശ്യമല്ല മൂന്നു പ്രാവശ്യം. അതേ കോയമ്പത്തൂർ കെ.എം.സി. ഹോസ്പിറ്റലിൽ തന്നെ ഡോ. മുരളിയുടെ ഹൃദയത്തിലെ ബ്ലോക്കുകൾ മാറ്റുവാൻ സ്റ്റെന്റ് (ബലൂൺ) വച്ചു, സ്റ്റെന്റുവച്ചു കൊടുത്ത ആ ഡോക്ടർ എനിക്ക് പരിചയമുള്ള പ്രശസ്തനായ ഡോക്ടറാണ്. പക്ഷെ ഡോ. മുരളിക്ക് സ്റ്റെന്റുവച്ച മൂന്നാമത്തെ ദിവസം ആ ഭാഗത്ത് ഇൻഫക്ഷൻ ഉണ്ടായി. ആ രാത്രി വേദന സഹിക്കാൻ കഴിയാതെ ഈ വേദന സഹിക്കാൻ എന്നെക്കൊണ്ട് കഴിയുന്നില്ല എന്ന് പിടഞ്ഞുകൊണ്ട് നിലവിളിച്ചു. പക്ഷെ ആ ഓപ്പറേഷൻ ചെയ്ത ഡോക്ടർ വിദേശത്തേക്ക് പോയിരുന്നു. ആ രാത്രിയിൽ വിളിക്കാനോ ഡോക്ടറെ സഹായിക്കാനോ അവിടെയുള്ള മറ്റു ഡോക്ടർമാർക്ക് സാധിച്ചില്ല. വിദേശത്തുണ്ടായിരുന്ന ഡോക്ടറെ കമ്പ്യൂട്ടറിലൂടെ കെ.എം.സി. ഹോസ്പിറ്റലിലെ ഡോക്ടർ വിളിച്ച് കാര്യം അറിയിച്ചു. അദ്ദേഹം അവിടെ നിന്നും സ്ക്രീൻമൂലം നോക്കി കെ.എം.സി. ഡോക്ടർമാർക്ക് ചില നിർദ്ദേശ ങ്ങൾ കൊടുത്തു. അദ്ദേഹം ഇന്ത്യയിലേക്ക് മടങ്ങി വരാൻ മൂന്നുദിവസം എടുക്കും എന്നറിയിച്ചിരുന്നു. ഉടൻ തന്നെ ഡോ. മുരളിധർ അവർകളെ ഡിസ്ചാർജ് ചെയ്ത് ചെന്നൈ മിയോട്ട് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോയി. അവിടെ വച്ച് ഓപ്പറേഷൻ ചെയ്ത് ഹൃദയത്തെ വെളിയിലെടുത്തു

ബ്ലോക്കുകളെല്ലാം നീക്കി വീണ്ടും ഹൃദയത്തെ ഉള്ളിൽ വച്ച് സൗഖ്യപ്പെടുത്തി. ഒരു കുപ്പി രക്തം പോലും കൊടുക്കാതെ ആ ഓപ്പറേഷൻ ജയമാക്കി മൂന്നാം ദിവസം നടക്കാനും തുടങ്ങി. ഇത് ദൈവത്തിന്റെ വൻകൃപയാണ്. അതുകൊണ്ടാണ് ഡോ. മുരളിധറിനെ കെ.എം.സി. ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തപ്പോൾ ചില ഡോക്ടർമാർ എന്നോട് പറഞ്ഞത് ഡോ. മുരളിക്ക് കെ.എം.സി. ഹോസ്പിറ്റൽ ഭാഗ്യമില്ലാത്ത ആശുപത്രിയാണ്. എന്തിനാ വീണ്ടും അദ്ദേഹത്തെ നിങ്ങൾ അവിടെ കൊണ്ടുപോയത്. ഞങ്ങൾ ക്രിസ്ത്യാനികളാണ് ഈ ഭാഗ്യം എന്നു പറയുന്ന അന്ധവിശ്വാസം ഞങ്ങൾക്കില്ല. ഞങ്ങളുടെ വിശ്വാസം യേശുക്രിസ്തുവിലാണ്. അതുകൊണ്ട് ഇതുപോലുള്ള ലോകജനങ്ങൾ പറയുന്ന കാര്യത്തിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല. ദൈവം ഒരു മനുഷ്യനെ സൗഖ്യമാക്കണമെങ്കിൽ എങ്ങനെയുള്ള ഹോസ്പിറ്റലാണെങ്കിലും ദൈവം വിചാരിച്ചാൽ സൗഖ്യമാകും. ഞങ്ങൾ ഡോക്ടറെയോ മരുന്നിനെയോ വിശ്വസിച്ചല്ല അദ്ദേഹത്തെ അവിടെ കൊണ്ടുപോയത് ദൈവത്തിൽ വിശ്വസിച്ചും പ്രത്യാശിച്ചും ആണ് ഇന്ന് അദ്ദേഹം ജീവനോടെ സൂം മീറ്റിംഗിൽ സാക്ഷ്യവും, പ്രസംഗവും നടത്താൻ കഴിഞ്ഞെങ്കിൽ അത് ദൈവത്തിന്റെ വൻകൃപയാണ്. ആ കൃപ ഡോ. മുരളിയോടു കൂടെ ഇരിക്കുന്നതു വരെ ആരെക്കൊണ്ടും അദ്ദേഹത്തെയോ, സ്ഥാപനത്തെയോ നശിപ്പിക്കാൻ സാധിക്കില്ല.

## പുതിയ ഹോസ്പിറ്റൽ

കേരളത്തിൽ **വയനാട്** തൃശ്ലേരി ഭാഗത്ത് **ആദിവാസികൾക്കു** വേണ്ടി ഒരു പുതിയ ഹോസ്പിറ്റൽ ഉണ്ടാക്കി **ഡോ. മുരളി തന്നെ** ഒരു മാസം മുഴുവനും അവിടെ താമസിച്ച് ട്രീറ്റ്മെന്റ് ചെയ്യാൻ തുടങ്ങിയതുകൊണ്ട് ധാരാളം ആത്മാക്കൾ വരുവാനിടയായി. ഒരു കൊച്ചു ആരാധനാലയവും ഉണ്ടാക്കി. അവിടെ **കുറിച്യർ, പണിയൻമാർ** തുടങ്ങിയ **ആദിവാസികളുടെ ഇടയിൽ** മിഷനറിമാർമൂലം നല്ല **കൊയ്ത്തുണ്ടായി.** അവിടെ സ്ഥിരമായി ഒരു ഡോക്ടർ വേണമെന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവകൃപയാൽ ഒരു **ലേഡി ഡോക്ടറെ** ലഭിച്ചു. **ഡോ. രാജലക്ഷ്മി** എം.ബി.ബി.എസ്., ഡി.എം.ഡി. **(ഫാമിലി മെഡിസിൻ)** കല്യാണം കഴിയാത്ത ആ ഡോക്ടറും **അവരുടെ**

അമ്മയും മാത്രമാണ് ഇപ്പോൾ അവിടെ പ്രവർത്തിക്കുന്നത്. ഈ ഡോക്ടർ **യേശുക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചു** സാക്ഷ്യത്തോടെ ജീവിക്കുന്നു. അവരുടെ **അമ്മ മാത്രം വിഗ്രഹ ഫോട്ടോ വച്ച്** പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. ആ **ഡോക്ടർ** നല്ല **വിശ്വാസത്തിലേക്ക് വളർന്നു. ഇത്** വായിക്കുന്ന വായനക്കാർ വയനാട് **വനഭാഗത്ത്** ആദിവാസികളുടെ ഇടയിൽ നടക്കുന്ന ദൈവവേലയെയും, ആ ഡോക്ടറെയും സൂക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യണമെന്ന് **തുടർന്നു പ്രാർത്ഥിക്കണം.**

**ഡോ. മുരളിയുടെ** ജീവിതത്തിൽ ഇനിയും ധാരാളം **സാക്ഷ്യങ്ങൾ ഉണ്ട്**. വരും കാലങ്ങളിൽ ദൈവം അനുവദിച്ചാൽ അത് ഞാൻ നിങ്ങൾക്ക് എഴുതുന്നതാണ്. ഇപ്പോൾ **ഡോ. മുരളി ഓക്സിജൻ സപ്പോർട്ട് ഇല്ലാതെ** തന്നെ ശ്വസിക്കാൻ തക്കവണ്ണം ദൈവം ബലം നല്കി. വീണ്ടും ശക്തിയായി ദൈവവേല ചെയ്യാൻ വേണ്ടി നാം എല്ലാവരും ചേർന്ന് അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാം.

**ഡോക്ടറുടെയും** അദ്ദേഹത്തിന്റെ ഭാര്യയുടെയും **ഹോസ്പിറ്റൽ** ചെലവുകൾ ഒന്നും ബാക്കി വയ്ക്കാതെ എല്ലാം അടച്ചു തീർത്തു കഴിഞ്ഞു. ദയവായി ഡോക്ടറുടെ ട്രീറ്റ്മെന്റ് ചിലവിന് വേണ്ടി ഇനി ആരും പണം അയക്കേണ്ടതില്ല. ഡോ. മുരളിധർ അവർകളുടെ സ്വന്ത ആവശ്യങ്ങൾക്കുവേണ്ടി അദ്ദേഹം ആരുടെ അടുക്കലും പണം ചോദിച്ചിട്ടില്ല. ട്രൈബൽ മിഷനിൽ നിന്ന് ഒരു പൈസ പോലും തന്റെ സ്വന്ത ചിലവിന് വേണ്ടി അദ്ദേഹം ഉപയോഗിച്ചിട്ടില്ല.

**ഡോ. മുരളി** തന്റെ **മൂന്നു പെൺമക്കളെയും** നല്ല വിധത്തിൽ **വിവാഹം നടത്തി** അവരെല്ലാവരും **നല്ല ഉയർന്ന നിലയിൽ കുടുംബമായി ജീവിക്കുന്നു.**

**എനിക്കും,** ഡോ. **മുരളിക്കും** ഉള്ള **വിശ്വാസം ഇതു തന്നെയാണ്.** ഞങ്ങളെ അറിയുന്ന കർത്താവ് **ഞങ്ങളുടെ ഹൃദയത്തെ അറിയുന്നു.** വചനം ഇങ്ങനെ പറയുന്നു. **യാചിക്കുന്നതിനു മുമ്പ് നമുക്ക് ഇന്നത് ആവശ്യം എന്ന് ദൈവം അറിയുന്നു.** ഞങ്ങളുടെ ആവശ്യങ്ങൾ **ഞങ്ങൾ ചോദിക്കാതെ തന്നെ** ദൈവം നിറവേറ്റി തരുന്നു. **കർത്താവിന് മഹത്വമുണ്ടാകട്ടെ.** മരണം വരെ **ഈ വിശ്വാസത്തിൽ തന്നെ ജീവിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.** ഞങ്ങളുടെ ആഗ്രഹങ്ങൾ ദൈവം നിറവേറ്റി തരട്ടെ എന്ന് **പ്രാർത്ഥിക്കുന്നു. സ്തോത്രം.**

**- ഡോ. പുഷ്പരാജ്**

# നഷ്ടപ്പെടുത്തിയ അവസരങ്ങൾ!

ഡോ. ലിലിയൻ സ്റ്റാൻലി



Dr. LILLIAN STANLY, M.B.B.S., D.C.H.,

നഷ്ടപ്പെടുത്തിയ അവസരങ്ങളെച്ചൊല്ലി വിലപിക്കുന്നവരെ ക്കൊണ്ട് ലോകം നിറഞ്ഞിരിക്കുന്നു. **ക്രിസ്സ്മസ്സ് കഥയിലെ സത്രം സൂക്ഷിപ്പുകാരൻ** അവരിലൊരാളാണ്. പേർവഴി ചാർത്താൻ അവിടെ വന്ന ധനികരായ ആളുകളെ പരിചരിക്കുന്നതിൽ അവൻ തിരക്കിൽ ആയിരുന്നിരിക്കാം. ഗർഭിണിയായ ഭാര്യയെ കഴുതപ്പുറത്തു കയറ്റി രാപാർക്കാൻ ഇടം തേടി വന്ന ദരിദ്രനായ മനുഷ്യൻ അവന്റെ കണ്ണിൽ പെട്ടിരിക്കയില്ല. സത്രത്തിലെ മാന്യന്മാരായ ഇടപാടുകാർക്ക് ഒരു ഇടർച്ചയായിത്തീരാതിരിക്കാൻ ഇവരെ **പിൻഭാഗത്തേക്ക്** പുറന്തള്ളിയിരിക്കാം. **ഈ സ്ത്രീയാണ്** ആ രാത്രിയിൽ **മശിഹയ്ക്ക്** ജന്മം നൽകേണ്ടവളെന്ന് സത്രം സൂക്ഷിപ്പുകാരൻ അറിഞ്ഞിരുന്നെങ്കിൽ... "അവൻ ആവേശഭരിതനായി ബഹുമാന്യരായ അതിഥികളെ കാലിത്തൊഴുത്തിലേക്ക് മാറ്റിയിട്ട്, ആ ദരിദ്ര ദമ്പതികൾക്ക് പ്രഥമ സ്ഥാനം നൽകുമായിരുന്നു" എന്ന് '**അവസരം നഷ്ടമാക്കിയ സത്രം**' എന്ന പദ്യത്തിൽ ആമോസ് വെൽസ് എഴുതിയിരിക്കുന്നു. തന്റെ സത്രത്തിനു സമീപം ആട്ടിടയന്മാർ ഒന്നാം ക്രിസ്സ്മസ്സ് ആഘോഷിക്കവേ, സത്രം സൂക്ഷിപ്പുകാരൻ അത് നഷ്ടമാക്കി. ഇതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം നഷ്ടപ്പെടുത്തുന്ന അവസരങ്ങളെക്കുറിച്ച് ഞാൻ ഓർമ്മിച്ചു. അവസരം ആർക്കും വേണ്ടി കാത്തുനിൽക്കുന്നില്ല എന്ന് ഒരു പഴമൊഴിയുണ്ട്. നഷ്ടപ്പെടുത്തുന്ന അവസരങ്ങൾ നാം പ്രയോജനപ്പെടുത്തുന്ന അവസരങ്ങളെക്കാൾ അധികമായിരിക്കയാൽ നാം ജാഗ്രത

പാലിക്കേണ്ടതാണ്. താഴെക്കൊടുത്തിരിക്കുന്ന വസ്തുതകൾ അതിനു നമ്മെ സഹായിക്കട്ടെ.

## നിങ്ങൾ അനുതപിക്കയില്ലേ?

കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻ കീഴിൽ ചേർക്കുന്നതു പോലെ ചേർത്തുകൊൾവാൻ എത്രപ്രാവശ്യം മനസ്സായിരുന്നു എന്ന് യെരൂശലേമിനെച്ചൊല്ലി യേശു വിലപിച്ചു. എന്നാൽ, തിരിഞ്ഞു വരാൻ അവർക്ക് മനസ്സായില്ല (ലൂക്കൊ. 13:34). പിന്നെ, ഒരു നാൾ നാശം അവരുടെ മേൽ വന്നു. **എന്നാൽ യിസ്രായേല്യർക്കോ അത് വൈകി വന്ന അനുതാപമായിരുന്നു.**

തന്റെ ജന്മാവകാശം വിറ്റുകളഞ്ഞപ്പോൾ, രക്ഷിതാവിന്റെ വംശാവലിയിൽ ആയിത്തീരാനുള്ള അവസരം ഏശാവ് നഷ്ടപ്പെടുത്തി. പിൽക്കാലത്ത് കണ്ണുനീരോടുകൂടെ ദുഃഖിച്ചെങ്കിലും അനുതപിക്കാൻ അവന് കഴിഞ്ഞില്ല (എബ്രാ. 12:15–17). അതിനാൽ ഏശാവിന്റെ തിക്താനുഭവം വരാതിരിക്കാൻ സൂക്ഷിക്കുവിൻ.

അവസരങ്ങൾ അപൂർവ്വ നിമിഷങ്ങളാണ്. അതിനാലാണ് ദൈവത്തിന്റെ കൃപയെ തുഛീകരിക്കരുതെന്ന് പൗലൊസ് അപേക്ഷിക്കുന്നത്. “ഇപ്പോൾ ആകുന്നു സുപ്രധാനകലം: ഇപ്പോൾ ആകുന്നു രക്ഷാദിവസം” (2 കൊരി. 6:1,2). ഓരോ കൺവെൻഷൻ യോഗവും, റേഡിയോ സന്ദേശവും, ലഘുലേഖയും ഒരു ആത്മസമ്പാദകന്റെ അപേക്ഷയും വീണ്ടും ജനിക്കപ്പെടാൻ നമുക്കു ലഭിക്കുന്ന ഒരു അവസരമാകുന്നു. വീണ്ടും വീണ്ടും രക്ഷാ സന്ദേശം ശ്രവിച്ചു നിങ്ങൾക്ക് നിങ്ങളുടെ പ്രതികരണം ഇനി മേൽ മാറ്റി വയ്ക്കാൻ സാധിക്കയില്ല. പിന്നീട് കണ്ണുനീരോടുകൂടെ നിങ്ങൾ അന്വേഷിച്ചാലും അനുഗ്രഹങ്ങൾ ലഭിച്ചെന്നു വരികയില്ല. ദൈവം വീണ്ടും വീണ്ടും നിങ്ങളെ വിളിക്കുന്നു ഈ അവസരം. വീണ്ടും നിങ്ങൾ നഷ്ടമാക്കുമോ? ഇപ്പോൾ തന്നെ ക്രിസ്തുവിനായി നിങ്ങളുടെ ഹൃദയത്തെ തുറക്കുവിൻ. അവൻ നിങ്ങളുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തും.

ക്രൂശിലെ മറ്റെ കള്ളൻ മഹത്വകരമായ ഒരു പറുദീസ നഷ്ടമാക്കിയത് തന്റെ കൂട്ടുകാരനെക്കാൾ അവൻ കൂടുതൽ ദുഷ്ടനായതിനാലല്ല, മറിച്ച്, അവൻ തന്റെ വിലയേറിയ അവസരം നഷ്ടപ്പെടുത്തിയതിനാലാണ്, ക്രൂശീകരണ ദിവസത്തിൽ, ക്രിസ്തുവിനോടുകൂടെ പറുദീസയിൽ ആയിത്തീർന്ന കള്ളനെക്കുറിച്ച് ചിന്തിക്കുവിൻ! പറുദീസയ്ക്കും പാതാളത്തിനും മദ്ധ്യേ ഒരു വാചകത്തിന്റെ അകൽച്ച മാത്രം. പൂർണ്ണഹൃദയത്തോടെ **"യേശുവേ, നീ രാജത്വം പ്രാപിച്ചു വരുമ്പോൾ എന്നെയും ഓർക്കേണമേ"** എന്ന ആ വാചകം ഇന്ന് നിങ്ങൾ പറകയില്ലേ?

## നിങ്ങൾക്കായി ദൈവം തിരഞ്ഞെടുത്ത പങ്കാളിയെ വരിക്കുകയില്ലേ?

ഏറ്റവും അടുത്ത ബന്ധുവിന് രൂത്തിന്റെ ഭൂമി വാങ്ങാൻ കഴിയുമായിരുന്നു. ഇടപാട് വളരെ ആകർഷണീയവും: അത് വാങ്ങാൻ ബന്ധുവിന് വളരെ താല്പര്യവും. എന്നാൽ അതിൽ ഒരു കുരുക്ക്. ആര് ഭൂമി വാങ്ങുന്നുവോ അവൻ തന്നെ രൂത്തിന്റെ മുൻഭർത്താവിന്റെ അവകാശം നിലനിർത്തേണ്ടതിന് രൂത്തിനേയും കൂടെ സ്വീകരിക്കേണ്ടതുണ്ട്. ഇതു കേട്ട മാത്രയിൽ, അടുത്ത ബന്ധു അവന്റെ സമ്മതത്തിൽ നിന്നും പിന്മാറി. അവന് തന്റെ അവകാശത്തെ 'നശിപ്പിപ്പാൻ' ആഗ്രഹമില്ലായിരുന്നു. അവന് ഭൂമി വേണമെങ്കിലും, സ്ത്രീയെ ആവശ്യമില്ല. **എന്നാൽ, ബോവസ് വസ്തു വാങ്ങുകയും രൂത്തിനെ വിവാഹം കഴിക്കുകയും ചെയ്തു.** മരിച്ചുപോയ ആളിന്റെ പേര് നിലനിർത്താൻ അവൻ ബാദ്ധ്യസ്ഥനായിരുന്നെങ്കിലും, യേശുക്രിസ്തുവിന്റെ ആദ്യപിതാവായി ബോവസ്സിനെ വേദപുസ്തകം കണക്കാക്കുന്നു (മത്താ. 1:5), ആലോചന വന്നിരിക്കുന്ന പെൺകുട്ടി 'സകലജാതികളുടെയും മനോഹരവസ്തു'വിന്റെ ആദ്യമാതാവാണെന്ന് അറിഞ്ഞിരുന്നെങ്കിൽ (ഹഗ്ഗാ. 2:7) രണ്ടാമതൊരു ചിന്തകൂടാതെ തന്നെ "ഞാൻ ചെയ്യാം" എന്ന് രൂത്തിന്റെ ഏറ്റവും അടുത്ത ബന്ധു സമ്മതിക്കുമായിരുന്നു. അവൻ തന്റെ സ്വന്തം അവകാശത്തെ നശിപ്പിക്കാതെ അതിനെ ഉറപ്പിക്കുമായിരുന്നു.

വിവാഹകാര്യത്തിൽ പണം, ഉദ്യോഗം, യോഗ്യത, സൗന്ദര്യം എന്നിവയിൽ മാത്രം കണ്ണുകൾ പതിച്ച് വിവാഹം കഴിക്കേണ്ട **പെൺകുട്ടിയുടെ സ്വഭാവസവിശേഷതകളെ കൂടുതൽ വിലകൽപ്പിക്കാത്ത അനേകം യുവാക്കൾ ഇക്കാലത്തുണ്ട്.** അവളോടൊപ്പം ഉണ്ടായിരുന്ന കുരുക്കു നിമിത്തം രൂത്തിന്റെ അടുത്ത ബന്ധു അവളെ വേണ്ടെന്നു വച്ചു. അവൻ എന്തു മാത്രം നഷ്ടമാക്കി എന്ന് ചിന്തിക്കുവിൻ. ദൈവശബ്ദത്തിനനുസരണമായി, മറിയയെ ഭാര്യയായി സ്വീകരിച്ചിരുന്നില്ലെങ്കിൽ, യോസേഫ് ഏറ്റവും വലിയ അവസരം നഷ്ടപ്പെടുത്തുമായിരുന്നു. പ്രിയ യുവാവേ, യുവതിയേ, ശരിയായ വ്യക്തിയെ നിങ്ങൾ തിരഞ്ഞെടുക്കുമെങ്കിൽ കുരുക്കിനെ ഒരു അനുഗ്രഹ കലവറയാക്കി ദൈവം മാറ്റും. ഏതെങ്കിലും **ലൗകീക കാരണത്താൽ ഒരു ദൈവീക അവകാശം നഷ്ടമാക്കരുതേ.**

എന്റെ മാതാപിതാക്കൾ ഒരു ദരിദ്ര കുടുംബത്തിൽ നിന്നും ഒരു പുരുഷനെ എനിക്കുവേണ്ടി ആലോചിക്കുകയും, ഞാൻ അതിന് സമ്മതം പറയുകയും ചെയ്തപ്പോൾ, ഞങ്ങളുടെ ചില ബന്ധുക്കൾക്ക് വളരെ സന്തോഷമില്ലായിരുന്നു. എന്റെ ബന്ധുക്കളുടെ അഭിപ്രായങ്ങൾക്കു വിധേയപ്പെട്ട് ദൈവം തിരഞ്ഞെടുത്ത എന്റെ പങ്കാളിയെ ഞാൻ തിരസ്കരിച്ചിരുന്നുവെങ്കിൽ...? എന്നു ചിന്തിക്കുവാൻ പോലും കഴിയുന്നില്ല.

## നിങ്ങൾ കർത്താവിനായി കാത്തിരിക്കയില്ലേ?

പ്രഭാത ധ്യാനസമയങ്ങളിൽ നഷ്ടപ്പെട്ട അവസരങ്ങളെക്കുറിച്ച് ധ്യാനിക്കാൻ യോഹന്നാൻ 20 -നെ നമ്മുടെ ധ്യാനങ്ങളിൽ തിരഞ്ഞെടുക്കാവുന്നതാണ്. മറിയ തിരഞ്ഞെടുത്ത നല്ല അംശത്തിൽ (ലൂക്കൊ. 10:42) ഏതൊരു സാഹചര്യത്തിലും ആരും അപഹരിക്കാത്ത വിധം അവൾ ഉറച്ചു നിന്നു. പ്രഭാത ധ്യാനത്തിൽ മറിയ ഇരുന്നു എന്നു നമുക്ക് സങ്കല്പിക്കാം. ചുറ്റുമെല്ലാം അന്ധകാരമായതിനാൽ അവൾക്കൊന്നും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. എങ്കിലും ശുഭാപ്തി വിശ്വാസത്തോടെ അവൾ മുന്നേറി (യോഹ. 20:1). അവൾ നിരാശപ്പെടാതെ നീങ്ങിയപ്പോൾ തടസ്സങ്ങൾ മാറിപ്പോയി. അങ്ങനെയായിരുന്നിട്ടും അത് ജീവനറ്റ കല്ലറയുടെ

അനുഭവമായിരുന്നു. മറിയ പട്ടണത്തിലേക്ക് ഓടിപ്പോയി ശിഷ്യന്മാരെ അറിയിച്ചിട്ട് വീണ്ടും കല്ലറയിലേക്ക് ശ്വാസം പിടിച്ചുകൊണ്ട് ഓടി മടങ്ങിയെത്തി (ധ്യാനവേളയിൽ ബദ്ധപ്പെട്ട് എഴുന്നേറ്റ് കൂടെ കൂടെ വീട്ടുകാര്യങ്ങൾ ഒക്കെ ചെയ്ത് വീണ്ടും ധ്യാനത്തിനായി വരുന്ന വീട്ടമ്മയെപ്പോലെ!) നിമിഷങ്ങൾ പറന്നു നീങ്ങി. തന്റെ നിർജ്ജീവ ധ്യാനത്തെ ഓർത്തു അവർ കണ്ണുനീർ ഒഴുക്കി നിൽക്കുമ്പോൾ തന്റെ കർത്താവിനെ കാണുവാനുള്ള വാഞ്ച അവളുടെ ഹൃദയത്തെ കവർന്നു (വാക്യം 11). അവൾ കല്ലറയ്ക്കുള്ളിലേക്ക് നോക്കിയപ്പോൾ, രണ്ട് ദൂതന്മാരെ കണ്ടു (വാക്യം 12) അവരെ കാണുവാൻ. ആവശ്യമായ വെളിച്ചമുണ്ടായിരുന്നു. സാവകാശമായി, വെളിച്ചം വർദ്ധിച്ചു. ദൂതന്മാരിൽ നിന്നും ഒരു സന്ദേശം അവൾക്കു ലഭിച്ചു (വാക്യം 13). എന്നാൽ അവൾ വേഗത്തിൽ നിരാശപ്പെടുന്നവൾ അല്ല. അവൾക്ക് 'അവളുടെ' കർത്താവിനെ കാണാൻ താല്പര്യമുണ്ട്. നിശ്ചയമായും യേശു അവിടെ ഉണ്ടായിരുന്നിട്ടും, അവൾ അവനെ മനസ്സിലാക്കിയില്ല. ഇപ്പോൾ പ്രഭാതരശ്മി വന്നിരിക്കുന്നു. "മറിയേ" എന്ന് യേശു അവളെ പേർ ചൊല്ലി വിളിച്ചു. അത് തികച്ചും വ്യക്തിപരമായിരുന്നു! പിന്നെ ആ ദിവസത്തെ സന്ദേശം യേശു അവൾക്ക് നൽകി. അവൾക്ക് അവന്റെ ശബ്ദം തിരിച്ചറിയാമായിരുന്നു. അവൾ അവനെ മനസ്സിലാക്കി, അവനോട് സംസാരിച്ച്, അവന്റെ കാൽക്കൽ വീണു (വാക്യം 16, 17). ഇപ്രകാരം അവൾ ക്രമേണയായി പ്രതിബന്ധങ്ങളെ മറികടന്ന് പ്രഭാതധ്യാനത്തിന്റെ ഉച്ചകോടിയിലെത്തി. അവൾ 'അലാറം ക്ലോക്ക്' ക്രമീകരിച്ച് അതിരാവിലെ എഴുന്നേറ്റ് കണ്ണുതിരുമ്മി ഓടിയില്ലാതിരുന്നെങ്കിൽ, അവൾക്ക് ഉണ്ടാകാവുന്ന നഷ്ടം കണക്കിടുക സാദ്ധ്യമല്ല.

ശിഷ്യന്മാർ നഷ്ടപ്പെടുത്തിയത് എത്ര സുവർണ്ണ അവസരമായിരുന്നു! യേശു മരിച്ചിട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുമെന്ന് ഒന്നിലധികം പ്രാവശ്യം ശിഷ്യന്മാരോട് യേശു പറഞ്ഞിരുന്നു. അതിനോട് അവർ കോപത്തോടും (മത്താ. 6:21,22), സങ്കടത്തോടും (മത്താ. 17:23), ലാഘവത്തോടും (ലൂക്കൊ. 9:22), അലംഭാവത്തോടും (മർക്കൊ. 10:35), ഭയത്തോടും (മർക്കൊ. 9:31, 32) പ്രതികരിച്ചു. പിന്നെ യേശു മരിച്ചു. അവൻ

ആവർത്തിച്ചാവർത്തിച്ച് പറഞ്ഞത് സംഭവിച്ചുവോ എന്നെങ്കിലും ചെന്ന് അന്വേഷിക്കേണ്ടതായിരുന്നില്ലേ?

ഇപ്രകാരമാണ് നമ്മിലനേകരും നമ്മുടെ പ്രഭാതധ്യാനവേളകളിൽ കർത്താവിന്റെ സന്ധിക്കൽ നഷ്ടപ്പെടുത്തുന്നത് നാം ധ്യാനം പരിശീലിക്കുകയും. പ്രതിസന്ധികളെ അവഗണിച്ചുകൊണ്ട് അതിനെ നിലനിർത്തുകയും ചെയ്യുമെങ്കിൽ, ദിവസങ്ങളും, മാസങ്ങളും, വർഷങ്ങളും കഴിയുമ്പോൾ, നമ്മുടെ അന്ധകാരമയമായ അനുഭവങ്ങൾ മദ്ധ്യാഹ്ന സൂര്യൻ പോലെ തിളങ്ങി ശോഭിച്ച് യേശുവിനോടൊപ്പം ചേർന്ന് നടക്കുന്ന ഒരു ജീവിതാനുഭവത്തിലേക്ക് അത് നമ്മെ നയിക്കും. ദൈനംദിനം ദൈവത്തിന് നമ്മോടു സംസാരിക്കാൻ എന്തെങ്കിലും ഉണ്ടായിരിക്കും. ഓരോ ദിവസവും ധന്യമാണ്. പ്രതിദിന മന്ന നമുക്ക് നഷ്ടപ്പെടുത്താതിരിക്കാം.

## ആവശ്യത്തിലിരിക്കുന്നവരെ നിങ്ങൾ സഹായിക്കുകയില്ലേ?

ധനികനായ മനുഷ്യന് ലാസർ എന്ന പേരിൽ, അവന്റെ പടിവാതിൽക്കൽ തന്നെ അവസരം കാത്തുകൊണ്ടിരുന്നു (ലൂക്കൊ. 16:19–31). അവസരം അവനിൽ നിന്നും വഴുതിപ്പോയതല്ല. അതിനെ മനഃപൂർവ്വം പുറന്തള്ളിയതായിരുന്നു. അവന്റെ മേശയിൻ കീഴിലെ അപ്പ നുറുക്കുകളെ എടുത്ത് അവശതയിലിരിക്കുന്ന യാചകന് നൽകാൻ തന്റെ വേലക്കാരോട് എങ്കിലും അവന് കല്പിക്കാമായിരുന്നു. അവൻ ദൂതന്മാരെ സൽക്കരിക്കാൻ വിട്ടുപോയി എന്ന് മാത്രമല്ല, ഒരു ദൂതനെപ്പോലെയായി ദൂതന്മാരുടെ വാസസ്ഥലത്ത് ആയിത്തീരുന്നതും നഷ്ടമാക്കി. “ഈ ഏറ്റവും ചെറിയവരിൽ ഒരുത്തന്നു നിങ്ങൾ ചെയ്യാത്തിടത്തോളം എനിക്കു ആകുന്നു ചെയ്യാത്തത്” (മത്താ. 25:45). ഓരോ യാചകന്റെയും മുഖം യേശുവിന്റെ വാക്കുകളെ നമ്മെ ഓർമ്മിപ്പിക്കട്ടെ.

ഒരു വാഹനാപകടത്തിൽ, വാഹനത്തിനുള്ളിൽ കുടുങ്ങിപ്പോയ ഒരു സ്നേഹിത വഴി യാത്രികരോട് താൻ സഹായത്തിനായി യാചിച്ച

വിധത്തെക്കുറിച്ച് ഞങ്ങളോട് പറഞ്ഞു. ഒരു സംഘം പാസ്റ്റർമാരും ഈ അപകടം കാണാൻ കാർ നിർത്തിയെങ്കിലും, ശവങ്ങളോടൊപ്പമായിരുന്ന അവളെ രക്ഷിക്കാൻ ശ്രമിക്കാതെ കടന്നുപോയി. "ചെറിയവരിൽ" ഒരാൾ ഇവരിലുമുണ്ടായിരിക്കുമെന്നതിനാൽ, നാം സഹായിക്കേണ്ടതാണ്. ഒരു അപരിചിതനും അവന്റെ പത്ത് ഒട്ടകങ്ങൾക്കും വെള്ളം കോരിക്കൊടുക്കാൻ **റാഹേലിന്** ഒരു ക്ഷീണവുമുണ്ടായിരുന്നില്ല. ആ ദയാപ്രവൃത്തിയിലൂടെ, സമ്പൽസമൃദ്ധമായ ഒരു **വിവാഹഉടമ്പടിയിൽ** അവൾ മുന്നറിവ് കൂടാതെതന്നെ പെടുകയായിരുന്നു.

അർദ്ധപ്രാണനായ ഒരു മനുഷ്യൻ യെരീഹോവിലേക്കുള്ള മാർഗ്ഗമദ്ധ്യേ തന്റെ ജീവനുവേണ്ടി പോരാടുകയായിരുന്നു. ഒരു **പുരോഹിതൻ** കടന്നുവന്നു അവിചാരിതമായി മരിക്കുന്ന ഒരു മനുഷ്യന് ജീവൻ നൽകാൻ അത് എത്രമാത്രം **നല്ല ഒരു അവസരമായിരുന്നു!** എന്നാൽ, അർദ്ധപ്രാണനായ മനുഷ്യനെ അദ്ദേഹം കണ്ടപ്പോൾ, ഒഴിഞ്ഞു പോകയാണ് ചെയ്തത്. **ലേവ്യനും** ഈ ദുരന്തകാഴ്ചയുടെ നേരെ **കണ്ണടച്ചു.** എന്നാൽ ഒരു **ശമര്യക്കാരന്** യേശുവിനെപ്പോലെ 'മനസ്സലിവ്' തോന്നി, തന്റെ ബിസിനസ്സിലെ താമസത്തെക്കുറിച്ചോ, ചിലവാക്കിയ പണത്തെക്കുറിച്ചോ, മരിക്കാറായ മനുഷ്യനെ ഏകനായി തന്റെ കഴുതപ്പുറത്തുകയറ്റി കൊണ്ടുപോകുന്നതിനെക്കുറിച്ചോ ഒന്നും തന്നെ ഭാരപ്പെട്ടില്ല. അവൻ വഴിയിൽ വച്ച് മരിച്ചുപോയാൽ എന്ത്? കോടതിയിൽ ഒരു സാക്ഷിയായി നിൽക്കുന്നതിനെയും ശവസംസ്കാര ചിലവിനെയും കുറിച്ച് അവൻ ചിന്തിച്ചില്ല. നന്മ ചെയ്യാനുള്ള അവസരം കൈവിട്ടുപോകാൻ അവൻ ആഗ്രഹിച്ചില്ല. നമുക്കും "പോയി അതുപോലെ ചെയ്യാം".

## നിങ്ങളുടെ മാതാപിതാക്കന്മാരെ ബഹുമാനിക്കുകയില്ലേ?

ഓർപ്പാ തന്റെ അമ്മാവിയമ്മയെ സ്നേഹിച്ചിരുന്നെങ്കിലും, വാർദ്ധക്യത്തിലായ അവരെ കരുതുന്നതിനായി അവൾ തന്റെ സമയം നഷ്ടപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. എന്നാൽ, **രൂത്തോ,** സംഭവവികാസങ്ങളുടെ മാറ്റിമറിച്ചിലുകൾക്കിടയിലും, യാതൊരു കുലുക്കവും കൂടാതെ, ചുമതല സ്വന്തം ചുമലിൽ ഏറ്റെടുത്തു. **മരിച്ചുപോയ ഭർത്താവിന്റെ**

**മാതാവിനെ** പരിചരിക്കാൻ ഏത് നിയമമാണ് അവളെ നിർബന്ധിക്കുന്നത്? ഒരു നാഴിക വഴിപോകുവാൻ നിർബന്ധിക്കുമ്പോൾ രണ്ടു നാഴിക കൂടെ പോകുന്നതാണ് സൽസ്വഭാവം. ഹൃദയം തകർന്ന അമ്മാവിയമ്മക്കുവേണ്ടി ചെയ്ത നല്ല പ്രവർത്തിയാണ് ബോവാസ് റൂത്തിനെ ഒന്നാമതായി പ്രശംസിച്ചത് (രൂത്ത് 2:11). തന്റെ ഭാര്യയായിരിക്കുന്നതിനും, തന്റെ പ്രായമേറിയ മാതാവിനെ പരിരക്ഷിക്കേണ്ടതിനുമായി ഒരു മനുഷ്യത്വമുള്ള പെൺകുട്ടിയെ അവൻ അന്വേഷിച്ചുകൊണ്ടിരുന്നിരിക്കാം. ആ പെൺകുട്ടിയെ അവൻ രൂത്തിൽ കണ്ടെത്തി. നിയമപ്രകാരം രൂത്തിന്റെ വസ്തു ബോവാസ് വാങ്ങിയെങ്കിൽ, അവൻ രൂത്തിനെ വിവാഹം ചെയ്യണമായിരുന്നു. എന്നാൽ, 'അവളുടെ' അമ്മാവിയമ്മയെ സംരക്ഷിക്കണമെന്ന ഒരു പ്രമാണവും ഉണ്ടായിരുന്നില്ല. എന്നാൽ, യേശുവിന്റെ വളർത്തുപിതാവായ യോസേഫിനെപ്പോലെ, ബോവാസിന്റെ നീതിപ്രവൃത്തി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവച്ചുവച്ചു (മത്താ. 5:20). മാതാപിതാക്കളും മുറപ്രകാരം ബന്ധുക്കളും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കയില്ല. എത്രമാത്രം വേദനയോടെ അവർ നിങ്ങളെ ചുമന്നു എന്നും, നിങ്ങളുടെ രോഗാവസ്ഥകളിൽ നിങ്ങളുടെ കിടക്കയ്ക്കരികെ എത്ര മണിക്കൂറും, ദിവസങ്ങളും, ആഴ്ചകളും ചിലവിട്ടു എന്നും, ആഹാരം, വസ്ത്രം, വിദ്യാഭ്യാസം, അച്ചടക്കം, വിശ്വാസം എന്നിവ നിങ്ങളിൽ ചൊരിഞ്ഞു എന്നും നിങ്ങൾ ചിന്തിക്കുവിൻ. അവർ നിങ്ങളെ സന്ദർശിക്കുമ്പോൾ അവരിൽ സ്നേഹം പകരുവിൻ. അവരെ സന്തോഷിപ്പിക്കാൻ കഴിയുന്നതൊക്കെ ചെയ്യുവിൻ. ജീവിതം ഹ്രസ്വമാകുന്നു; ഏത് അവസരത്തും അവരുടെ ഭൗതീക ഭവനത്തിൽ നിന്നും അവർ മാറ്റപ്പെടാം. നിങ്ങളുടെ നേർക്ക് അവർ ഉപയോഗിച്ച വാക്കുകളും ക്രിയകളും മടങ്ങി വന്ന് നിങ്ങളുടെ ഓർമ്മയെ വ്രണപ്പെടുത്തുകയല്ല; മറിച്ച് നിങ്ങളുടെ പരമാവധി നന്മ നിങ്ങൾ ചെയ്തിരിക്കുന്നു എന്ന ചിന്തയിൽ അവ നിങ്ങളെ ആശ്വസിപ്പിക്കണം. അവരുടെ കല്ലറയിൽ കുറെ പുഷ്പങ്ങൾ വിതറുന്നതുകൊണ്ട് കുറ്റബോധം തൂത്തുകളയുവാൻ കഴികയില്ല.

ഇതുപോലെ തന്നെ, കുട്ടികൾ കൊണ്ടു വരുന്ന സന്തോഷം അനുഭവിക്കുന്നതിനുള്ള അവസരങ്ങൾ മാതാപിതാക്കന്മാരും നഷ്ടമാക്കരുത്.

ബാല്യവും യൗവനും ആർക്കുവേണ്ടിയും കാത്തു നിൽക്കുന്നില്ല. മക്കളോട് ക്രൂരമായി പെരുമാറുകയും, അവരെ തള്ളിക്കളയുകയും, അവഗണിക്കുകയും ചെയ്തിട്ടുള്ള അനേകം മാതാപിതാക്കൾ കാലചക്രം പുറകോട്ട് തിരിക്കുവാൻ കഴിയാതെ കണ്ണുനീരൊഴുക്കുന്ന സംഭവങ്ങൾ വളരെയാണ്.

## ദ്രവ്യാഗ്രഹത്തെ നിങ്ങൾ ഉപേക്ഷിക്കയില്ലേ?

**എലീശാ** സ്വന്തമായി കലപ്പ ഉഴുതുകൊണ്ട് മറ്റ് പതിനൊന്ന് കലപ്പകൾക്ക് മേൽനോട്ടം വഹിക്കുന്ന ഒരു ധനികനായ മനുഷ്യൻ ആയിരുന്നു. എന്നാൽ, **ഏലിയാവ് തന്റെ പുതപ്പ് അവന്റെ മേൽ എറിഞ്ഞു** കൊടുത്തപ്പോൾ അവൻ "കാളകളെ വിട്ട്" ഏലിയാവിന് പിന്നാലെ ഓടി. ആ സന്ദർഭത്തെ ഒരു വിരുന്നൊരുക്കിയും അവർ ആഘോഷിച്ചു (1 രാജാ. 19:19–21). അവൻ അവസരത്തെ പ്രയോജനപ്പെടുത്തി ഏലിയാവിന്റെ പിൻഗാമിയായിത്തീർന്നു. ഗേഹസ്സിക്കും ദ്രവ്യാഗ്രഹത്തെ വിട്ടുപിരിഞ്ഞ്, ദൈവവേലയോട് പറ്റിച്ചേരാനുള്ള മനസ്സ് ഉണ്ടായിരുന്നെങ്കിൽ, ഇരട്ടി ശക്തിയുള്ള എലീശയുടെ പുതപ്പ് $2^2$ ഇരട്ടിയോടെ അവന്റെ മേൽ വീഴുമായിരുന്നുവല്ലോ. എന്നാൽ ഗേഹസ്സിയുടെ നോട്ടം ദൈവത്തിലല്ലാ, എലീശയുടെ വടിയുടെ മാന്ത്രികശക്തിയിൽ ആയിരുന്നു (2 രാജാ. 4:31). ഗേഹസ്സി അത്ഭുതങ്ങൾ കൊണ്ട് കച്ചവടം ചെയ്യാമെന്ന് കരുതി (2 രാജാ. 5:22). എലീശയുടെ ഹൃദയം ഗേഹസ്സിയുടെ പിന്നാലെ പോയി (5:26). എങ്കിലും, **ഗേഹസ്സി സമ്മാനങ്ങൾക്കു പിന്നാലെ പോയി.** അനുഗ്രഹമല്ല, അനർത്ഥം തന്നെ അവന്റെ മേൽ വന്നു വീണു. നല്ലൊരവസരത്തെ പൊല്ലാത്തതാക്കി.

യൂദയെ സംബന്ധിച്ചിടത്തോളം, ഒരിക്കലല്ല അവസരം അവനെ മുട്ടിവിളിച്ചത്; എപ്പോഴും മുട്ടിക്കൊണ്ടിരുന്നു. അവൻ എത്രയെത്ര പ്രസംഗം കേട്ടവനാണ്; അത്ഭുതങ്ങൾ കണ്ടവനാണ്; എങ്കിലും, ഓരോ സന്ദർഭത്തും, അവൻ ദ്രവ്യാഗ്രഹം കൈവെടിയാതെ, ഒരു കള്ളനായി ജീവിതം തുടർന്നു. **യേശുവിനെ ഒറ്റിക്കൊടുത്തതിനുശേഷം, അനുതപിക്കാൻ ഒരു അവസാന സന്ദർഭം അവന് ലഭിച്ചു.** ക്രൂശിൽ തന്നെ തറച്ചവർക്ക് പാപമോചനം നൽകിയ യേശു, തന്നെ ഒറ്റിക്കൊടുത്തവനും ക്ഷമ നൽകാതിരിക്കുമോ? പക്ഷെ, യൂദാസ്

**ആത്മഹത്യ ചെയ്തതിനാൽ അപ്പൊസ്തല ശുശ്രൂഷയിൽ അവന് നല്കപ്പെട്ട സ്ഥാനത്തെ അവൻ നഷ്ടപ്പെടുത്തി** (അ. പ്ര. 1:20).

## ഉപേക്ഷിക്കപ്പെട്ടവർക്കായി നിങ്ങൾ അപേക്ഷിക്കയില്ലേ?

നഷ്ടപ്പെട്ട അവസരങ്ങൾ, എപ്പോഴും ദയയും സ്നേഹവും നിറഞ്ഞ പ്രവൃത്തികൾ ചെയ്യാനുള്ളത് ആയിരിക്കണമെന്നില്ല. ഒരു ദുഷ്ടലോകത്തിൽ, നന്മ ചെയ്താൽ മാത്രം പോരാ, തിന്മയെ നാം തടയുകയും വേണം. അതിനെ എതിർത്തുകൊണ്ട് നാം മുന്നേറണം. ഗോലിയാത്ത് യിസ്രായേൽ സൈന്യത്തെ വെല്ലുവിളിക്കുകയായിരുന്നു. വരാനിരിക്കുന്ന ദുരന്തത്തെ അവർ കണ്ടുവെങ്കിലും അതിനെ അഭിമുഖീകരിക്കുവാൻ ശക്തിഹീനരായി അവർ നിലകൊണ്ടു – ദാവീദ് വരുന്നതുവരെ. ഇന്നത്തെ ഗോലിയാത്തുമാർക്ക് നാമാണ് ദാവീദുമാർ.

മുഖത്തൊക്കെ തേനീച്ചയുടെ കുത്തുകൾ ഏറ്റ് ഒരു ഉയർന്ന മരത്തിൽ നിന്നും തേൻ താഴേക്ക് കൊണ്ടു വരുന്ന രണ്ട് ഗോത്ര മനുഷ്യരെ ഞാനും എന്റെ ഭർത്താവും ഒരിക്കൽ കാണാൻ ഇടയായി. അത് വിൽക്കാൻ ആരംഭിക്കുന്നതുവരെ ഞങ്ങൾ കാത്തു നിന്നു. അപ്പോഴേക്കും, പോലീസ് വേഷത്തിൽ ഒരു മനുഷ്യൻ മുന്നോട്ടുവന്ന്, അത് കളക്ടറുടെ ഓഫീസിലെ മരമാണെന്നും, അതിൽ നിന്നും തേനെടുക്കാൻ അനുമതി വാങ്ങിയിട്ടില്ലെന്നും ഒക്കെ പറഞ്ഞ് അവരെ ഭീഷണിപ്പെടുത്തി. ആ വൃക്ഷം ശരിക്കും മതിൽക്കെട്ടിന് പുറത്തായിരുന്നു. സാധുക്കളോട് തട്ടിക്കയറരുതെന്ന് ഞങ്ങൾ പോലീസുകാരോട് പറഞ്ഞു. മനം നൊന്ത ഗോത്ര മനുഷ്യർ ആ മനുഷ്യനോട് സംസാരിച്ചിട്ട്, അവർ 60/– രൂപ ആവശ്യപ്പെട്ടു എന്ന് ഞങ്ങളോടു പറഞ്ഞു. ഏകദേശം ഒരു മണിക്കൂറിന്റെ വീക്ഷണത്തിനു ശേഷം വാങ്ങിപ്പോകാം എന്ന് ഞങ്ങൾ തീരുമാനിച്ചു. ഞാൻ പറഞ്ഞു: “എനിക്ക് ഈ തേനിൽ താല്പര്യമില്ല. പക്ഷേ, ഈ പാവം ഗോത്രമനുഷ്യരെ വിവരം കെട്ട ഈ മനുഷ്യന്റെ കൈയ്യിൽ ശേഷിപ്പിച്ചിട്ട് പോകാൻ എനിക്ക് വെറുപ്പു തോന്നുന്നു”. പെട്ടെന്ന്, എന്റെ ഭർത്താവ്, (Mr. R. Stanly)ഒരു ശക്തി പുറത്തെടുത്ത്, ആ മനുഷ്യന്റെ പേരും വിലാസവും ആവശ്യപ്പെട്ടു. അപ്പോഴേക്കും, പോലീസ് ചമഞ്ഞ ആ മനുഷ്യൻ

പിന്നോട്ട് മാറി അക്ഷരാർത്ഥത്തിൽ ഓടി സ്ഥലം വിട്ടു. ആ രണ്ടു ഗോത്ര മനുഷ്യരും ഒരു അടിമയെ തുരത്തുന്നതുപോലെ ആ മനുഷ്യന്റെ പിന്നാലെ ഓടിയത് ആവേശകരമായ ഒരു ദൃശ്യമായിരുന്നു.

നാം ചിന്തിക്കുന്നതുപോലെ, ഇയ്യോബ് അത്ര മൃദുലൻ അല്ലായിരുന്നു. "അവൻ നീതികെട്ടവന്റ അണപ്പല്ലു തകർത്തു; അവന്റെ പല്ലിൻ ഇടയിൽ നിന്നും ഇരയെ പറിച്ചെടുത്തു" (ഇയ്യോ. 29:17). സാമൂഹ്യമാനസരായ പൗരന്മാർ അവസരങ്ങൾ നഷ്ടപ്പെടുത്താതിരിക്കാൻ തീരുമാനിക്കയും, പ്രഭുത്വത്തിനെതിരായി ശബ്ദുമുയർത്തുകയും ദരിദ്രർക്കുവേണ്ടി സംസാരിക്കയും ചെയ്യുമെങ്കിൽ, നമ്മുടെ പ്രദേശങ്ങളിൽ ചലനങ്ങൾ സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. നിങ്ങളുടെ ശബ്ദങ്ങൾ കേൾക്കപ്പെടട്ടെ. പ്രവർത്താതിരിക്കുന്നത് ഭീരുത്വവും തിന്മയ്ക്ക് സമർപ്പണവും ആകുന്നു. സംഭവങ്ങൾക്ക് കേവലം ഒരു കാഴ്ചക്കാരൻ മാത്രം ആയിരിക്കരുത്. "ഭീരുക്കൾക്ക്... ഉള്ള ഓഹരി തീയും ഗന്ധകവും കത്തുന്ന പൊയ്കയിലത്രേ" (വെളി. 21:8).

വിരുദ്ധമായ അവസരങ്ങൾ!

സ്വയനിയന്ത്രണത്തിനായുള്ള അവസരങ്ങളെയും ദൈവം നമുക്കു നൽകുന്നു. നമ്മുടെ നാവിനാൽ തീ കത്തിക്കാതിരിക്കുവാനും, പ്രതികാരം ചെയ്യാതിരിക്കാനും, എതിർക്കാതിരിക്കാനും, വെറുക്കാതെ, പിറുപിറുക്കാതെ, പരാതിപ്പെടാതെ, കലഹിക്കാതെ, ക്ഷമയില്ലാതെ യിരിക്കുവാനും ശപിക്കപ്പെടുമ്പോൾ ശപിക്കാതിരിക്കാനും തിന്മയ്ക്കു തിന്മ ചെയ്യാതിരിക്കുവാനും ഇങ്ങനെ നമ്മെ സ്വയം നിയന്ത്രിക്കാൻ പല അവസരങ്ങൾ കിട്ടും. നാം പറയാതെ വിഴുങ്ങിക്കളഞ്ഞ വാക്കുകളും, പ്രതികാരം ചെയ്യാതെ അടക്കിവെച്ച സന്ദർഭങ്ങളും കടിച്ചമർത്തിയ വികാരങ്ങളും വെള്ളമൊഴിച്ചു തണുപ്പിച്ച കോപക്കനലുകളുമാണ് നമ്മുടെ നിക്ഷേപ പാത്രത്തിലെ ചില രത്നക്കല്ലുകൾ. ഇങ്ങനെയുള്ള രത്നക്കല്ലുകളെ ശേഖരിക്കുന്ന കല അഭ്യസിക്കാമോ.

അവസരങ്ങൾ നഷ്ടപ്പെടുത്തിയ ഒരു വർഷം കഴിഞ്ഞു പോയെന്നിരിക്കാം. ജാഗ്രത പാലിക്കുവിൻ! അവസരങ്ങൾ നിറഞ്ഞ ഒരു പുതുവർഷം ഇതാ നിങ്ങൾക്കു മുൻപിൽ വന്നുകൊണ്ടിരിക്കുന്നു.

## OFFERING DETAILS

- ☐ ഈ ശുശ്രൂഷയ്ക്കുവേണ്ട കാണിക്ക അയച്ചു തന്ന് സഹായിച്ചു കൊണ്ടിരിക്കുന്ന വായനക്കാർക്ക് എല്ലാവർക്കും എന്റെ നന്ദി അറിയിക്കുന്നു. നിങ്ങൾ NEFT മൂലമായി എന്റെ ബാങ്ക് അക്കൗണ്ടിൽ പണം അയച്ചിരുന്നു, ചിലർ Western Money മൂലമായി കാണിക്ക അയച്ചു തന്നിരുന്നു.
- ☐ ബാങ്ക് മുഖാന്തിരം പണം അയക്കുമ്പോൾ എന്റെ പേര് M G E PUSHPARAJ എന്ന് ഓരോ ഇൻഷ്യലിനും കുത്ത് ഇടാതെ എഴുതി അയക്കുമ്പോൾ മാത്രമേ കമ്പ്യൂട്ടർ അല്ലെങ്കിൽ മൊബൈൽ പേര് സ്വീകരിക്കുകയുള്ളൂ. കുത്ത് ഇട്ടാൽ സ്വീകരിക്കുകയില്ല. അതേ സമയം ഓരോ ഇൻഷ്യലിനും Space വിടണം (M G E) ചിലർ ഇതിൽ പ്രയാസപ്പെട്ടതുകൊണ്ടാണ് ഇവിടെ എഴുതുന്നത്.
- ☐ നിങ്ങൾ അയച്ച പണത്തിന് രസീതോ, മറുപടിയോ എഴുതിഅറിയിക്കാൻ പറ്റിയില്ല. കാരണം തുടർച്ചയായി ശുശ്രൂഷയിൽ ആയിരുന്നതുകൊണ്ടാണ് ദയവായി ക്ഷമിക്കുമല്ലോ.

**APRIL - 2021**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription :**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.